കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരിന്തൽമണ്ണ നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്
# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.21/2459/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി - 30-11-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

പെരിന്തൽമണ്ണ നഗരസഭ

സർ,

വിഷയം : പെരിന്തൽമണ്ണ നഗരസഭ- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിന്തൽമണ്ണ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.ഈ റിപ്പോർട്ടിലെ ഭാഗം 3 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്വെയർ മുഖേന ഓൺലൈനായി (aims.ksad.kerala.gov.in/esubmission) ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2) നഗരകാര്യ ഡയറക്ടർ. (ഉപരിപത്രം സഹിതം)

3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട്. (ഉപരിപത്രം സഹിതം)

4) കാര്യാലയ പകർപ്പ്.

എം.എ.12/17

നം.കെ.എസ്.എ.എം.പി.എം.21/2459/17 തിയ്യതി:30-11-2017

# മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭയുടെ2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലികാ നിയമം - വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 08-01-2017 മുതൽ 30-10-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളിലേക്ക് അതത് സമയം ഓഡിറ്റ് 31 അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വി.കെ.ഷാജി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 31-10-2017മുതൽ 14-11-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഉണ്ണി. പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീ. അബ്ദുൽ ഗഫൂർ. സി, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ. മൂസ. ഇ, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ. ഷാജഹാൻ ഖുറൈശി.എം, സീനി. ഗ്രേഡ്. ഓഡിറ്റർ<br>ശ്രീ. യൂസഫ്. പി, സീനി. ഗ്രേഡ്. ഓഡിറ്റർ<br>ശ്രീ. ഷജീർ. കെ, ഓഡിറ്റർ |

ബി ) നിർവ്വഹണാധികാരികൾ

ചെയർമാൻ

| | |
|---|---|
| ശ്രീ. എം. മുഹമ്മദ് സലീം | 1-04-16 മുതൽ 31-03-17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. എ.എസ്.സുഭഗൻ | 01-04-2016 മുതൽ 07-09-2016 വരെ |
| | ശ്രീ. ജയരാജൻ. സി | 08-09-16 മുതൽ 16-09-2016 വരെ |
| | ശ്രീ. പ്രമോദ്. കെ. | 17-09-2016 മുതൽ 31-03-2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി മാരിയത്ത് കിബ്ത്തിയ്യ. കെ | 01-04-16 മുതൽ 31-03-17 വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി ആയിഷ | 01-04-16 മുതൽ 31-03-17 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. എൻ. പ്രസന്നകുമാർ | 01-04-16 മുതൽ 31-03-17 വരെ |
| മെഡിക്കൽഓഫീസർ (ജില്ലാ ആശുപത്രി സൂപ്രണ്ട്) | ഡോ. എ. ഷാജി | 01-04-16 മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. തനൂജ | 01-04-16 മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. സെയ്ദ് മുഹമ്മദ് സലീം | 01-04-16 മുതൽ 31-03-17 വരെ |

| | | |
|---|---|---|
| വെറ്റിനറി സർജൻ | ഡോ.മനോജ് സി.ജെ. | 01-04-16 മുതൽ 31-03-17 വരെ |
| കുടുംബശ്രീ പ്രൊജക്റ്റ് ഓഫീസർ | ശ്രീ. പി. ശിവൻ | 01-04-16 മുതൽ 11-01-17 വരെ |
| | ശ്രീ. രാജീവൻ. ടി. | 12-01-16 മുതൽ 31-03-17 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി മേഴ്സി. എം.ബി. | 01-04-16 മുതൽ 31-03-17 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. സുനിൽ. എ. | 01-04-16 മുതൽ 31-03-17 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി ചന്ദ്രിക. എം.പി. | 01-04-16 മുതൽ 31-03-17 വരെ |
| പ്രിൻസിപ്പാൾ | ശ്രീ. പി. അനിൽ | 01-04-16 മുതൽ 20-11-16 വരെ |
| | ശ്രീമതി നൂർജഹാൻ. പി.പി. | 21-11-16 മുതൽ 31-03-17 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻമറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | മൊബൈൽ ഫോൺ ടവറുകൾ- അനുബന്ധ കെട്ടിടങ്ങളുടെ വസ്തു നികുതി : വൻതുക കുടിശ്ശിക | 2-1 |

| | | |
|---|---|---|
| 12 | കരാറുകാർ, അഭിഭാഷകർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 2-2 |
| 13 | വിനോദ നികുതി ഇളവ്, സർക്കാർ ഉത്തരവ് പാലിച്ചില്ല; നഗരസഭക്ക് 50,000 രൂപ നഷ്ടം | 2-3 |
| 14 | തൊഴിൽ നികുതി -അപാകതകൾ | 2-4 |
| 15 | വാടക പിരിച്ചെടുത്തിട്ടില്ല | 2-5 |
| | ഭാഗം 3 | |
| 16 | വാർഷിക പദ്ധതിയുടെ ഭാഗമാക്കാതെ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നു. | 3-1 |
| 17 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ | 3-2 |
| 18 | നഗരസഭ പെൻഷൻഫണ്ട്-അവലോകനം | 3-3 |
| 19 | മരാമത്ത് പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല | 3-4 |
| 20 | ബിറ്റുമിൻ വാങ്ങിയത് മുഴുവനായും വിനിയോഗിക്കാത്തത് | 3-5 |
| 21 | വാറ്റ്, ക്ഷേമനിധി വിഹിതം മുഴുവനായും ഈടാക്കിയില്ല – 23876രൂപ അധികം നൽകി | 3-6 |

| | | |
|---|---|---|
| 22 | സേവനനികുതി അടവാക്കിയില്ല – മൂല്യനിർണ്ണയ തുകയിലും അധികം ചെലവഴിച്ചു | 3-7 |
| 23 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണരേഖയില്ലാത്തത് | 3-8 |
| 24 | നഗരസഭ വാടകക്കെടുത്ത ക്വാർട്ടേഴ്സിൽ താമസിച്ച ഉദ്യോഗസ്ഥന് വീട്ടുവാടക ബത്ത നൽകി | 3-9 |
| 25 | 2016-17 വർ,ഷം പിരിച്ചെടുത്ത ലൈബ്രറിസെസ് നാളിതുവരെ അടവാക്കിയിട്ടില്ല | 3-10 |
| 26 | ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സകോളർഷിപ്പ്- അനുവദനീയമായ പരമാവധി തുക വിതരണം ചെയ്യാൻ ശ്രമിക്കേണ്ടതാണ്. | 3-11 |
| 27 | വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതി - അപാകതകൾ | 3-12 |
| 28 | ജൈവഗേഹം നെൽകൃഷി വികസനം സബ്സിഡി മാനദണ്ഡം പാലിച്ചില്ല | 3-13 |
| 29 | ജൈവ വളത്തിന് സബ്സിഡി അധികം നൽകിയത് | 3-14 |
| 30 | ജൈവ വളത്തിന് സബ്സിഡി നൽകൽ -പദ്ധതി നടത്തിപ്പ് അപാകതകൾ | 3-15 |

| | | |
|---|---|---|
| 31 | സർക്കാർ ഉത്തരവിന് വിരുദ്ധമായി 'സിഡ്കൊ' യിൽ നിന്ന് കമ്പ്യൂട്ടർ വാങ്ങി | 3-16 |
| 32 | 'സിഡ്കൊ' യിൽ നിന്ന് ഫർണ്ണീച്ചർ വാങ്ങൽ - സർക്കാർ നിശ്ചയിച്ച വില നിലവാരം ഉറപ്പ് വരുത്തിയില്ല. | 3-17 |
| 33 | വിദ്യാർഥികൾക്ക് പ്രഭാത ഭക്ഷണ വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-18 |
| 34 | വിജയ പഥം പദ്ധതി - ഉദ്ഘാടന ചെലവ് . സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം | 3-19 |
| 35 | ABC പ്രോഗ്രാം പ്രാരംഭ പ്രവർത്തനങ്ങൾ - വിനിയോഗയാക്ഷ്യപത്രം ഹാജരാക്കിയില്ല. തുക തടസ്സം ചെയ്യുന്ന | 3-20 |
| | ഭാഗം 4 | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |

| | | |
|---|---|---|
| 41 | ഓഡിറ്റ് റിക്കവറി | 4.6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4.7 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബഡ്ജറ്റ് 08.03.2016 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 31-7-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 03-11-17<br>04-11-17 | |

വാർഷിക ധനകാര്യ പത്രിക പരിശോധന : അപാകതകൾ

1).2015-16 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കേഷൻ പ്രകാരമുള്ള അപാകതകൾ (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-3) പരിഹരിച്ചിട്ടില്ല.

2).അക്കൗണ്ടുകളിൽ മേലുള്ള കുറിപ്പുകൾ , മുൻ വർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3).ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

4). തൻ വർഷത്തെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, അക്രൂവൽ അടിസ്ഥാനത്തിലേയ്ക്ക് മാറുന്നതിന് മുമ്പുള്ള മുഴുവൻ സ്ഥാവര ജംഗമ ആസ്തികൾ തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5).2016-17 'സഞ്ജയ' രജിസ്റ്റർ പ്രകാരം വസ്തു നികുതി കുടിശ്ശിക 11,43,597രൂപയാണ്.എന്നാൽ വാർഷിക കണക്ക്, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം, പ്രസ്തുത കുടിശ്ശിക 23,36,301. 42 രൂപയാണ്.

6).ബാലൻസ് ഷീറ്റ് B-3ഷെഡ്യൂൾ പ്രകാരം, വിനിയോഗിച്ച ഗുണഭോക്തൃ വിഹിതം 18,468 രൂപ മുൻ വർഷത്തിൽ ഉൾപ്പെടെ ബാധ്യതയാക്കി നിലനിറുത്തിയിട്ടുണ്ട്.

7).തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

8).പ്രതിമാസ വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10ാം തീയതിക്കു മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച് അംഗീകരിക്കുന്നില്ല. തൻ വർഷം പ്രതിമാസ വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച തീയതി വിവരം താഴെ കൊടുക്കുന്നു.

| മാസം | അംഗീകരിച്ച തീയതി |
|---|---|
| 2016ജനുവരി ,ഫെബ്രുവരി,മാർച്ച്,ഏപ്രിൽ, മെയ് | 30.05.2016 |
| 2016ജൂൺ | 15.07.2016 |
| 2016 ജൂലൈ, ഓഗസ്റ്റ്. | 05.10.2016 |
| 2016സെപ്തംബർ, ഒക്ടോബർ. | 09.12.2016 |
| 2016നവമ്പർ, ഡിസംബർ, 2017ജനുവരി, ഫെബ്രുവരി. | 06.03.2017 |

## 1-4 സാമ്പത്തിക വിശകലനം

| വർഷം 2016-17 | |
|---|---|
| മുന്നിരിപ്പ് | 67892573 |
| വരവ് | 245770829 |
| ആകെ | 313663402 |
| ചെലവ് | 227235604 |

| | |
|---|---|
| നീക്കിയിരിപ്പ് | 86427798 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 35848235 | 35848235 | 31995732 | 3852503 | 89.25 |
| വികസനഫണ്ട് എസ്.സി.പി. | 0 | 15709143 | 15709143 | 15112364 | 596779 | 96.2 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10519641 | 10519641 | 3505703 | 7013938 | 33.33 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 9044052 | 9044052 | 4238925 | 4805127 | 46.87 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 46621604 | 46621604 | 30783600 | 15838004 | 66.03 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 7675234 | 7675234 | 956363 | 6718871 | 12.46 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 239 | 146432794 | 130 | 87360410 | 52 | 57 | 54 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 3 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 5,84,10,603 | 5,28,49,071 | -5561532 | (-)10 |
| നികുതിയേതര വരവുകൾ | 90,24,329 | 1,44,99,261 | 5474932 | (+)60 |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | 9055423 | 6760576 | -2294847 | (-)25 |
| ആകെ | 76490355 | 74108908 | -2381447 | (-)3 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 82800 | 51 |
| കർഷകതൊഴിലാളി പെൻഷൻ | 5046210 | 595 |
| വിധവാപെൻഷൻ | 19295880 | 1908 |
| വാർദ്ധക്യകാലപെൻഷൻ | 18101905 | 2306 |
| വികലാംഗപെൻഷൻ | 4217435 | 473 |
| 50 കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1462380 | 160 |
| വിവാഹ ധനസഹായം | 90,000 | 3 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31-10-2017 ന് 10-30എ.എം.ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9,29,852രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30-07-14 മുതൽ 02-08-14 വരെ | 2012-13, 13-14 | 07-08-2015 |

| | | | |
|---|---|---|---|
| | | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-02-17 | 2013-14,14-15,15-16 | 03-05-2017 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 മൊബൈൽ ഫോൺ ടവറുകൾ- അനുബന്ധ കെട്ടിടങ്ങളുടെ വസ്തു നികുതി : വൻതുക കുടിശ്ശിക

നഗരസഭാ പ്രദേശത്ത് നിലവിലുള്ള മൊബൈൽ ഫോൺ ടവർ- അനുബന്ധ കെട്ടിടങ്ങളുടെ 31.03.2017 വരെയുള്ള വസ്തു നികുതി വിവരം 02 /03.11.2017നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ലഭ്യമായത് താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | മൊബൈൽ കമ്പനിയുടെ പേര്, മേൽവിലാസം | കെട്ടിട നമ്പർ | നിർണ്ണയിക്കപ്പെട്ട വസ്തു നികുതി & എൽ.സി. (അർദ്ധ വർഷം) | | | 2016-17ൽ ഈടാക്കിയ വസ്തു നികുതി | 31.03.17 വരെ ഈടാക്കാൻ ശേഷിക്കുന്ന നികുതി | കുടിശ്ശിക യുടെ വർഷം തിരിച്ച വിവരം |
|---|---|---|---|---|---|---|---|---|
| | | | വ. നി. | ഗ്ര. വരി | ആകെ | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | ഐഡിയ സെല്ലുലാർ, | 10/ 147/8 | 10275 | 514 | 10,789 | 00 | 204991 | 2007-08II to 2016-17II |
| 2 | ഭാരതി എയർടെൽ ലി., കടവന്ത്ര. | 8/ 57/1 | 3,000 | 150 | 3,150 | 00 | 56,700 | 2008-09 I to 2016-17II |
| 3 | ഐഡിയ സെല്ലുലാർ, രവിപുരം. | 18/ 791/86A | 5,000 | 250 | 5,250 | 00 | 63,000 | 2011-12 I to 2016-17II |
| 4 | റിലയൻസ് ഇൻഫ്രാ ടെൽ.ലി., കടവന്ത്ര. | 21/ 277/14 | 6,250 | 313 | 6,563 | 00 | 65,630 | 2012-13 I to 2016-17II |
| 5 | റിലയൻസ് ജിയോ ഇൻഫോ കോം . | 18/ 383/14 | 600 | 30+ SC 60 | 690 | 1,380 | 00 | ------ |
| 6 | ഭാരതി എയർ ടെൽ ലി. | 22/205/10 | 5,000 | 250 | 5,250 | 10,500 | 00 | ------ |
| 7 | ഹച്ചിസൺ എസ്സാർ ലി. | 22/365/10 | 3,375 | 169 | 3,544 | 00 | 49,616 | 2010-11 I to 2016-17II |
| 8 | അമേരിക്കൻ | 22/ 353/A | 6,375 | 319 | 6,694 | 66,940 | 00 | ----- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ടവർ കോർപ്പറേഷൻ. | | | | | | | |
| 9 | ഇൻഡസ് ടവേഴ്സ് | 4/ 866/7 | 5,475 | 274 | 5,749 | 00 | 1,09,231 | 2007-08II to 2016-17II |
| 10 | റിലയൻസ് ജിയോ ഇൻഫോ കോം . | 5/193/21 | 2,903 | 146+ SC 290 | 3,339 | 13,756 | 00 | ----- |
| | ആകെ | | | | | | 5,49,168 | |

ലഭിക്കാനുള്ള നികുതിയിൽ വലിയൊരു ഭാഗം നിയമപരമായി ഡിമാന്റ് ചെയ്യാൻ കഴിയാത്തതായിട്ടുണ്ട്. മൊബൈൽ ടവർ കെട്ടിടങ്ങളുടെ വസ്തു നികുതി നിരവധി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഒടുക്കു വരുത്തുന്നതിൽ ബന്ധപ്പെട്ട കമ്പനികൾ വീഴ്ച വരുത്തുന്നത് പതിവാക്കിയിട്ടുണ്ട്. ടവർ സ്ഥാപിക്കുന്ന വസ്തുവിന്റെ ഉടമയിൽ നിന്നും പാട്ടത്തിന് എടുത്ത ഭൂമിയിൽ ,വിദൂര പട്ടണങ്ങളിലെ ഓഫീസ് മേൽവിലാസം പ്രകാരം നിർമ്മാണ പെർമിറ്റിന് അപേക്ഷിക്കുന്ന ഈ കമ്പനികൾ പിന്നീട് മേൽവിലാസം മാറ്റുകയും പ്രസ്തുത വിവരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അറിയിക്കാതിരിക്കുകയും ചെയ്യുന്നു. ആയതിനാൽ വസ്തു നികുതി ഡിമാന്റ് നോട്ടീസുകൾ ബന്ധപ്പെട്ട കമ്പനികൾ കൈപ്പറ്റാതെ തിരിച്ചു വരുന്നതും പതിവാണ്.

കൃത്യമായി നികുതി വസൂലാക്കുന്നതിനും വസ്തുനികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന കമ്പനികളുടെ ടവറുകളുടെ പ്രവർത്തനം തടയുന്നതിനും നിയമപരമായ നടപടികൾ സ്വീകരിച്ച് കാണുന്നില്ല.

നഗരസഭയുടെ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന മുഴുവൻ മൊബൈൽ ടവറുകളുടെയും വസ്തു നികുതി കൃത്യമായി ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതും നികുതി ഒടുക്കാത്ത അനധികൃതമായുള്ളവ അടച്ചുപൂട്ടാനും നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **2-2** കരാറുകാർ, അഭിഭാഷകർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

2016-17 വർഷത്തിൽ നഗരസഭാ പ്രദേശത്ത് സ്വയം തൊഴിൽ ചെയ്തിരുന്ന താഴെ സൂചിപ്പിക്കുന്ന കരാറുകാർ, അഭിഭാഷകർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിനാൽ നഗരസഭക്ക് വരവിനത്തിൽ 41250 രൂപയുടെ നഷ്ടം സംഭവിച്ചു. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9 /6.11.2017)നൽകിയ മറുപടിയിൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് അറിയിച്ചു. ഇവരിൽ നിന്നും തൊഴിൽ നികുതി

ഈടാക്കി വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | | തസ്തിക | അർദ്ധ വർഷം | നികുതി |
|---|---|---|---|---|
| 1 | ജംഷാദ് അബ്ബാസ് | കോൺട്രാക്ടർ | I | 1250 |
| 2 | ഷബീറലി | കോൺട്രാക്ടർ | I | 1250 |
| 3 | ഷാഹുൽ ഹമീദ് | കോൺട്രാക്ടർ | I, II | 2500 |
| 4 | അൻസാരി കുണ്ടിൽ | കോൺട്രാക്ടർ | I, II | 2500 |
| 5 | അബു സിദ്ധീഖ് | അഭിഭാഷകൻ | I, II | 2500 |
| 6 | ടി.പി.സിദ്ധീഖ് | അഭിഭാഷകൻ | I, II | 2500 |
| 7 | എൻ.പി.മൊയ്തു& അസോസിയേറ്റ്സ് | അഭിഭാഷകൻ | I, II | 2500 |
| 8 | കെ.അബ്ദുൾ സലാം | അഭിഭാഷകൻ | I, II | 2500 |
| 9 | സി.ആർ.രഞ്ജിത് | അഭിഭാഷകൻ | I, II | 2500 |
| 10 | ഇ.എം.വിഷ്ണുകുമാർ& അസോസിയേറ്റ്സ് | അഭിഭാഷകൻ | I, II | 2500 |
| 11 | വി.കെ.ജയ്ഫർ | അഭിഭാഷകൻ | I, II | 2500 |
| 12 | സി.അലവി | അഭിഭാഷകൻ | I, II | 2500 |
| 13 | ഇ.എം.രവീന്ദ്രബാബു | അഭിഭാഷകൻ | I, II | 2500 |
| 14 | വി.കെ.സജി | അഭിഭാഷകൻ | I, II | 2500 |
| 15 | സുനിൽ തോമസ്.കെ | അഭിഭാഷകൻ | I, II | 2500 |
| 16 | അബ്ദുൾ ഗഫൂർ | അഭിഭാഷകൻ | I, II | 2500 |
| 17 | അബ്ദുൾ മജീദ് | കോൺട്രാക്ടർ | II | 1250 |
| 18 | കെ.പി.അബു | കോൺട്രാക്ടർ | II | 1250 |
| 19 | മൂസ കുന്നത്തുംപീടിക | കോൺട്രാക്ടർ | II | 1250 |
| ആകെ | | | | 41250 |

## **2-3** വിനോദ നികുതി ഇളവ്, സർക്കാർ ഉത്തരവ് പാലിച്ചില്ല; നഗരസഭക്ക് **50,000** രൂപ നഷ്ടം

2017 ജനവരി 10 മുതൽ ഫെബ്രുവരി 10 വരെ പെരിന്തൽമണ്ണ നെഹ്റു സ്റ്റേഡിയത്തിൽ പ്രസിഡൻസി ക്ലബിന്റെ നേതൃത്വത്തിൽ നടന്ന ഫുഡ്ബോൾ ടൂർണമെന്റിന് , തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 10.10.2017 ലെ സ.ഉ.(സാധാ)നം-72/2017 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം , വിനോദ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഇ.എം.എസ്.വിദ്യാഭ്യാസ സമുച്ചയത്തിന്റെ വികസന ഫണ്ടിലേക്ക് 200,000രൂപയും നഗരസഭയുടെ സാന്ത്വനം ഫണ്ടിലേക്ക് കഴിയുന്നത്ര സംഭാവനയും നൽകണമെന്നുള്ള ഉപാധികളോടെയാണ് പ്രസ്തുത ഉത്തരവ് പ്രകാരം സർക്കാർ വിനോദ നികുതി ഒഴിവാക്കി നൽകിയിട്ടുള്ളത്. പ്രസ്തുത സംഭാവനകൾ ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റിന്

ലഭ്യമാക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ13 /7.11.2017 നംമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, പ്രസ്തുത ഫണ്ടിലേക്ക് 150,000രൂപ മാത്രമേ നൽകിയിട്ടുള്ളൂ എന്ന് അറിയിക്കുകയും ആയതിന്റെ രേഖകൾ ഹാജറാക്കുകയും ചെയ്തു. അവശേഷിക്കുന്ന 50,000 രൂപ ലഭ്യമാക്കി പ്രഥമ മറുപടിയിൽ തന്നെ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി -അപാകതകൾ

നഗരസഭയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിലെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല. സമർപ്പിക്കുന്ന റിട്ടേണുകൾ പരിശോധിക്കാതെയാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. ചില സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേണുകളിൽ അർദ്ധ വാർഷിക വരുമാനം പോലും രേഖപ്പെടുത്തിയിട്ടില്ല.ചില ജീവനക്കാരിൽ നിന്ന് അർദ്ധ വാർഷിക വരുമാനം അനുസരിച്ച് ഈടാക്കേണ്ടതിനേക്കാൾ കൂടുതലും മറ്റു ചില ജീവനക്കാരിൽ നിന്ന് കുറവായും ഈടാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ

1.കെ.എസ്.ആർ.ടി.സി., പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണിൽ വരുമാനം രേഖപ്പെടുത്തിയിട്ടില്ല. കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്താതെയാണ് തൊഴിൽ നികുതി സ്വീകരിച്ചിട്ടുള്ളത്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് 11 /6.11.2017 നമ്പർ എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ റിട്ടേൺ പുതുക്കി സമർപ്പിച്ചിട്ടുണ്ട്. തൊഴിൽ നികുതി റിട്ടേണിൽ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. നഗരസഭയിലെ താഴെ സൂചിപ്പിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയത് ചട്ടപ്രകാരമല്ല.

എ) വനിതാ പ്രസ്, പെരിന്തൽമണ്ണ (നം- 73)എന്ന സ്ഥാപനത്തിലെ ചില ജീവനക്കാരിൽ നിന്നും 120 രൂപക്ക് പകരം170 രൂപ വീതം ഈടാക്കിയിട്ടുണ്ട്.

ബി) ഇൻഡസ് ബാങ്ക് ലി. വെഹികിൾസ്, പെരിന്തൽമണ്ണ(നം-130) എന്ന സ്ഥാപനത്തിലെ എല്ലാ ജീവനക്കാരിൽ നിന്നും 450 രൂപക്ക് പകരം 500 രൂപ വീതമാണ് ഈടാക്കിയിട്ടുള്ളത് .

സി) ഇൻഡസ് ബാങ്ക് ലി. പെരിന്തൽമണ്ണ(നം-107)എന്ന സ്ഥാപനത്തിലെ ചില ജീവനക്കാരിൽ നിന്ന് അർദ്ധ വാർഷിക വരുമാനം അനുസരിച്ച് ഈടാക്കേണ്ടതിനേക്കാൾ കൂടുതലും മറ്റു ചില ജീവനക്കാരിൽ നിന്ന് കുറവായും ഈടാക്കിയിട്ടുണ്ട്.

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് 11 /6.11.2017 നമ്പർ എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ, ഇൻഡസ് ബാങ്ക് ലി. വെഹികിൾസ്, പെരിന്തൽമണ്ണ , ഇൻഡസ് ബാങ്ക് ലി. പെരിന്തൽമണ്ണ എന്നീ സ്ഥാപനങ്ങളിൽ നിന്നും പുതിയ റിട്ടേണുകൾ സ്വീകരിച്ചിട്ടുണ്ട്. പുതിയതായി സമർപ്പിച്ച റിട്ടേണുകളിൽ അർദ്ധ വാർഷിക വരുമാനം ആദ്യത്തേതിനേക്കാൾ കൂടുതലാണ് കാണിച്ചിട്ടുള്ളത്. ഈ ഇനത്തിൽ കുറവ് വന്ന തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ നികുതി ചട്ടപ്രകാരം ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. കെ.എം.ടി. സിൽക്സ്, പെരിന്തൽമണ്ണ(നം-55) എന്ന വസ്ത്ര വ്യാപാര സ്ഥാപനത്തിലെ എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ലൈസൻസ് അപേക്ഷ പ്രകാരം 40 ജീവനക്കാരുള്ള സ്ഥാപനത്തിൽ നിന്നും രണ്ട് അർദ്ധ വർഷവും 6 ജീവനക്കാരുടെ തൊഴിൽ നികുതിയായി 1440 രൂപ വീതമാണ് ഈടാക്കിയിട്ടുള്ളത് ( മാനേജർ-1 കംപ്യൂട്ടർ ഓപറേറ്റർ-2

ഫ്ലവർ മാനേജർ-3 ) 2016-17 വർഷത്തിൽ പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ ശരിയായ വിവരം ഓഡിറ്റിന് ഹാജറാക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് 11 /6.11.2017 നമ്പർ എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ, പുതിയ റിട്ടേൺ സമർപ്പിക്കുകയും 5 സെയിൽസ്മാൻമാരുടെ കൂടി തൊഴിൽ നികുതി പലിശ സഹിതം അടവാക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭയിലെ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരുടെയും പേര് വിവരങ്ങൾ റിട്ടേണുകളിൽ ഉൾപ്പെടുത്തി തൊഴിൽ നികുതി അടവാക്കാൻ നിർദ്ദേശം നൽകേണ്ടതാണ്.

## 2-5 വാടക പിരിച്ചെടുത്തിട്ടില്ല

a) വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന മുറികളുടെ വാടകക്കാരിൽ നിന്നും വാടക പിരിച്ചെടുത്തിടുത്തിട്ടില്ല.

I. R.N. മനഴി ബസ് സ്റ്റാന്റ് ബിൽഡിംഗ്

| റൂം നമ്പർ | വാടകക്കാരന്റെ പേര് | വാടക ലഭിക്കാത്ത മാസങ്ങൾ | വാടക& സേവന നികുതി | റിമാർക്സ് |
|---|---|---|---|---|
| 02 | ശ്രീ.സെയ്താലിക്കുട്ടി | 04/16 | 2500 / 375 | രജിസ്റ്ററിൽ കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 08 | ശ്രീമതി. മൈമൂന ഇസ്മായീൽ | 02/17, 03/17 | 1702/256 | |
| 41 | ശ്രീ.മുഹമ്മദ് ശരീഫ് | 03/17 | 1702/256 | |
| 42 | ശ്രീ.ബാലകൃഷ്ണൻ | 03/17 | 1702/256 | |
| 43 | ശ്രീ.സുജിത് | 03/17 | 1702/256 | |
| 58 മുതൽ 87 വരെ | ശ്രീ.ശംസുദ്ദീൻ.എ. അൽസലാമ ഐ ഹോസ്പിറ്റൽ | 2016-17 വർഷത്തെ മുഴുവൻ മാസങ്ങളിലും 2015-16ലും | 2016-17: 106624/ 15994 2015-16: 101547 /15232 | നിലവിൽ റൂമുകൾ ഒഴിഞ്ഞിരിക്കുന്നു. എന്നാൽ 22ലക്ഷം രൂപയുടെ ഡെപ്പോസിറ്റിലും കവിഞ്ഞ വാടക കുടിശ്ശികയും സേവന നികുതിയും അടച്ചിട്ടില്ല. |
| 89(1) | റബർ ബോർഡ് ഓഫീസ് | 01/17,02 /17,03/17 | 1000/ 150 | |
| 90 | ശ്രീ.പി.ഹരിദാസൻ | 03/17 | 11025/ 1654 | |

II.നെഹ്റു സ്റ്റേഡിയം കോംപ്ലക്സ്

| | | | | |
|---|---|---|---|---|
| G 04 (sc) | ശ്രീ.പി.വി. സോമശേഖരൻ | 2016-17 ൽ ഒരു മാസവും അടച്ചിട്ടില്ല. [12/14 മുതൽ വാടക അടച്ചിട്ടില്ല] | 2363/343 [2015-16: 2250/315 & 2014-15: 2250/279 ] | കുടിശ്ശിക വിവരം കുടിശ്ശിക ഡിമാൻറ് രജിസ്റ്ററിലേയ്ക്ക് എടുത്തെഴുതിയിട്ടില്ല. |
| G 34 (sc) | ശ്രീ.ജയപ്രകാശ്.കെ. | 2016-17 ൽ ഒരു മാസവും അടച്ചിട്ടില്ല. [12/14 മുതൽ വാടക അടച്ചിട്ടില്ല] | 2363/343 [2015-16: 2250/315 & 2014-15: 2250/279 ] | കുടിശ്ശിക വിവരം കുടിശ്ശിക ഡിമാൻറ് രജിസ്റ്ററിലേയ്ക്ക് എടുത്തെഴുതിയിട്ടില്ല. |
| G 36 | കാദറലി സ്പോർട്സ് ക്ലബ്ബ് | 01/17,02 /17,03/17 | 4725/ 686 | |

III. ഓൾഡ് മാർക്കറ്റ് കോംപ്ലക്സ്

| | | | | |
|---|---|---|---|---|
| 01 | ശ്രീ.വി.കെ .മുഹമ്മദ് | 03/17 | 1658/249 | |
| 14 | ശ്രീ.കുഞ്ഞലവി | 03/17 | 1201/181 | |
| 68 | ശ്രീ.അബ്ദുൽ അസീസ് | 02/17,03/17 | 889/134 | |
| G1 | ശ്രീ.രാധാകൃഷ്ണൻ | 03/17 | 694/105 | |
| D5 | ശ്രീമതി.തങ്കം സുകുമാരൻ | 03/17 | 2398/360 | |
| FF15 | ശ്രീ.പി.സെയ്തലവി. | 12/16, 01/17, 02/17, 03/17 | 1596/240 | |
| H1 | ശ്രീ.കറുപ്പൻ.ഇ. | 03/17 | 1405/211 | |

IV. ഹൈടെക് ഷോപ്പിംഗ് കോംപ്ലക്സ്

| | | | | |
|---|---|---|---|---|
| G2 | ശ്രീ.അബ്ദുൾസലാം എം. | 02/17,03/17 | 5775/838 | |
| G17 | ശ്രീ. .അബ്ദുൾഖാദർ. കെ.എം. | 03/17 | 4462/670 | |
| F08 | ശ്രീ.സക്കറിയ.കെ.പി. | 07/16 മുതൽ 03/17 വരെ (9മാസം) | 4725/709 | |
| F11 | ശ്രീ.മുസ്ഥഫ.പി.കെ. | 03/17 | 4725/709 | |
| F12 | ശ്രീ.കെ.മൂസ & ശ്രീ.കെ.ജാഫർ. | 05/16,06/16 | 4725/709 | 04/16ൽ മുറി തിരിച്ചേൽപ്പിച്ചു. ബൈലോ പ്രകാരം |

| | | | | |
|---|---|---|---|---|
| | | | | 3മാസ വാടക അടക്കേണ്ടതുണ്ട്. 04/16ലെ വാടക(4725+686) മാത്രം ഈടാക്കി. |
| F15 | ശ്രീ.കെ.കെ.മുഹമ്മദലി. | 03/17 | 4725/709 | |
| F16 | ശ്രീ.കെ.കെ.മുഹമ്മദലി | 03/17 | 4725/709 | |
| F26 | ശ്രീ.അബ്ദുൽ നൗഫൽ . എം .പി. | 07/16,08/16 | 4725/709 | 06/16ൽ മുറി തിരിച്ചേൽപ്പിച്ചു. ബൈലോ പ്രകാരം 3മാസ വാടക അടക്കേണ്ടതുണ്ട്. 06/16ലെ വാടക(4725+709) മാത്രം ഈടാക്കി. |
| S6 | ശ്രീ.അബൂബക്കർ | 03/17 | 2336/351 | |
| S11 | ശ്രീ.കുഞ്ഞിമുഹമ്മദ് | 01/17,02 /17,03/17 | 2336/351 | |
| A3 | ശ്രീ.അവിനാശ്.വി.പി. | 03/17 | 1575/237 | |
| T15 | വൈദ്യർ റൊണാൾഡ് ഡാനിയേൽ | 2016-17 ലെ 12 മാസവും | 1500/225 | |
| T32 | ജനറൽ സെക്രട്ടറി (?) | 03/17 | 1000/150 | |
| LED Board | പിക്സൽ പ്രൈ.ലി. | 01/17,02 /17,03/17 | 25876/3880 | |

ബന്ധപ്പെട്ട കോംപ്ലക്സുകളുടെ ബൈലോകൾ പ്രകാരം വാടകക്കാരൻ തൊട്ടടുത്ത മാസം 5ാം തീയതിക്കു മുമ്പ് വാടക ഒടുക്കണം.ആയതിൽ വീഴ്ച വരുത്തിയാൽ വാടകക്കാരനെ ഒഴിപ്പിക്കാനാവശ്യമായ നിയമ നടപടി സ്വീകരിക്കാൻ നഗരസഭയ്ക്ക് അധികാരമുണ്ട്. മൂന്ന് മാസം തുടർച്ചയായി വാടക ഒടുക്കാത്ത പക്ഷം വാടകക്കാരന്റെ കുത്തകാവകാശം നഷ്ടപ്പെടുമെന്നും വാടകക്കാരനെ ഒഴിപ്പിച്ച് പുനർ ലേലം നടത്താനും ബൈലോകൾ നഗരസഭയ്ക്ക് അധികാരം നൽകുന്നുണ്ട്. എന്നാൽ വർഷത്തിലധികരിച്ച കാലത്തെ വാടക ഒടുക്കാത്തവർക്കെതിരെ പോലും ബൈലോകളിലെ നിബന്ധനകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു കാണുന്നില്ല.

b)വാടക ലഭിക്കാതെ ഒഴിഞ്ഞുകിടക്കുന്ന റൂമുകൾ

R.N. മനഴി ബസ് സ്റ്റാന്റ് ബിൽഡിംഗ് റൂം നമ്പറുകൾ

04(SC), 07, 09,10, 11, 13, 14, 16, 31, 44, 47, 50, 51, 52, 53, 55, 56, 89, 91, G(02) (20എണ്ണം)

ഓൾഡ് മാർക്കറ്റ് കോംപ്ലക്സ് റൂം നമ്പറുകൾ

FF2, FF3, FF4 ,FF9, FF12, FF13, FF16, FF17, FF18, FF19 (10എണ്ണം)

ഹൈടെക് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പറുകൾ

G32, F1, F9, F10, F20, F22, F24, F31, S13, S17, S18, S19, S20, S21, S22, S23, S24(09/17മുതൽ) S25, T1, T2, T3, T4, T5, T9, T10, [ T11,T12,T13,T14 നവം./16 മുതൽ ] , T16, T17, T18, T19, T20, T21, T22, T23, T26, T27, T28, T29, T30, T31. (43എണ്ണം)

എഴുപതിലധികം റൂമുകളാണ് ഒഴിഞ്ഞ് കിടക്കുന്നത് . ലേല, പുനർലേല, നെഗോസിയേഷൻ നടപടികളിലൂടെ റൂമുകൾ വാടകയ്ക്ക് നൽകുന്നതിന് സ്വീകരിച്ച നടപടി വിവരം; വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടി വിവരം ; ദീർഘകാലം കുടിശ്ശിക വരുത്തിയവർക്കെതിരെപോലും ബൈലോ നിബന്ധനകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച വിശദീകരണം എന്നിവ 31/14.11.2017 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന തേടിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഒഴിഞ്ഞു കിടക്കുന്ന റൂമുകൾ വാടകക്ക് നൽകുന്നതിന് നിയമപരമായി സാധ്യമാകുന്ന മുഴുവൻ നടപടികളും സ്വീകരിക്കേണ്ടതും; ദീർഘകാലമായി ലഭിക്കാനുള്ള വാടക കുടിശ്ശിക പൂർണ്ണമായി ഈടാക്കുന്നതിനാവശ്യമായ നിയമ നടപടികൾ, സമയബന്ധിതമായും വിട്ടുവീഴ്ച കൂടാതെയും നടപ്പിലാക്കുന്നതിനും ; ബൈലോകൾ പ്രകാരമുള്ള നിബന്ധനകളും നടപടികളും പ്രാവർത്തികമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വാർഷിക പദ്ധതിയുടെ ഭാഗമാക്കാതെ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നു.

നഗരസഭയിൽ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളൊന്നും പ്രൊജക്ട് രൂപീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിക്കാതെയാണ് നിർവ്വഹിച്ചിട്ടുള്ളത്. ഒരു തദ്ദേശഭരണ സ്ഥാപനം അതിന്റെ പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ധേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും (വിഭവ സ്രോതസ്സ് ഏത് തന്നെ ആയിരുന്നാലും) പദ്ധതിയിൽ ഉൾപെടുത്തേണ്ടതാണ് എന്നും, പദ്ധതിയിൽ ഉൾപെടുത്താതെ തനത് ഫണ്ട് ഉപയോയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ ചെയ്യാൻ പാടില്ലായെന്നും അങ്ങിനെ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നൽകാൻ പാടില്ല എന്നും 12-ാം പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ,വെള്ളക്കരം, സ്ട്രീറ്റ് ലൈറ്റ് ചാർജ് തുടങ്ങിയ അനിവാര്യ/പൊതു ചുമതലകൾ നിറവേറ്റുന്നതിനാവശ്യമായ തുക മാറ്റിവെച്ച ശേഷം മിച്ചം വരുന്ന തുക വിഭവ സ്രോതസ്സായി പദ്ധതിയിൽ ഉൾപെടുത്താൻ മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്.

വാർഡ് സഭ,വർക്കിങ്ങ് ഗ്രൂപ്പുകൾ, വികസന സെമിനാർ തുടങ്ങിയ വ്യവസ്ഥാപിത സംവിധാനത്തിലൂടെ രൂപീകരിക്കുന്ന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ അംഗീകാരം നേടി നടപ്പിലാക്കേണ്ടതാണ് ഇത്തരം പ്രവൃത്തികൾ എന്ന് സർക്കാർ

നിർദ്ദേശമുള്ളതാണെങ്കിലും മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബന്ധപ്പെട്ട കൗൺസിലർമാർ നൽകുന്ന കത്തിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കുകയാണ് ചെയ്യുന്നത്. ഓഡിറ്റ് വർഷം ആകെ 41 പ്രവൃത്തികൾക്കായി 13914421 രൂപ ഇത്തരത്തിൽ ചെലവഴിച്ചിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണമെന്ന സങ്കൽപത്തിന് തന്നെ വിരുദ്ധമായ നടപടിയാണിത്.

വിശദീകരണം ആവശ്യപ്പെട്ട് 23/9.11.2017 നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് , തനത് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ അടിയന്തിര സ്വഭാവമുള്ളവയും അതാത് സമയത്ത് നഗരസഭ കൗൺസിൽ ഭരണാനുമതി നൽകുന്നവയും ആണ്. അടിയന്തിരമായി ചെയ്യേണ്ടി വരുന്നതിനാൽ പല പ്രൊജക്ടുകൾക്കും ഡി.പി.സി അംഗീകാരം വാങ്ങാൻ കഴിയാറില്ല. വാർഷിക പദ്ധതി സമർപ്പിക്കുന്ന സമയത്ത് തയ്യാറാക്കുന്ന തനത് ഫണ്ട് പ്രൊജക്ടുകൾ ഡി.പി.സി യുടെ അംഗീകാരത്തിന് വിധേയമായി മാത്രമേ നിർവ്വഹിക്കാറുള്ളൂ എന്നുമാണ് മറുപടി ലഭിച്ചത്.

റോഡ് കോൺക്രീറ്റിങ്, ടാറിങ് തുടങ്ങി അടിയന്തിര സ്വഭാവമില്ലാത്ത പ്രവൃത്തികളാണിവയിൽ ഭൂരിഭാഗവും എന്ന് ചുവടെ ചേർത്ത പട്ടിക പരിശോധിച്ചാൽ വ്യക്തമാവുന്നതാണ്. കൂടാതെ ഈ പ്രവൃത്തികളെല്ലാം തന്നെ ആവശ്യമായ സമയം നൽകി ടെണ്ടർ നടപടികളിലൂടെയാണ് നിർവ്വഹിച്ചിട്ടുള്ളത് എന്നതും മേൽ പ്രവൃത്തികൾ അടിയന്തിര സ്വഭാവമുള്ളവയല്ല എന്നതിന് തെളിവാണ്. മാത്രമല്ല 4275000 രൂപയുടെ എസ്റ്റിമേറ്റിൽ പുതിയ ബസ് സ്റ്റാന്റ് മത്സ്യ മാർക്കറ്റിന് മുൻവശം റോഡ് നിർമ്മാണം എന്ന പ്രവൃത്തിയും വാർഷിക പദ്ധതിയുടെ ഭാഗമാക്കാതെയാണ് നിർവ്വഹിച്ചിട്ടുള്ളത്. പുതിയ ബസ്സ്റ്റാന്റ് നിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന് മാത്രമല്ല ഈ പ്രവൃത്തി ഇപ്പോഴും പൂർത്തിയായിട്ടുമില്ല. നഗരസഭയിൽ ഓഡിറ്റ് വർഷം വാർഷിക പദ്ധതിയുടെ ഭാഗമാക്കി തനത് ഫണ്ട് ഉപയോഗിച്ച് ഒരു പ്രവൃത്തിയും നിർവ്വഹിച്ചിട്ടില്ല എന്ന് സുലേഖ സോഫ്റ്റ് വെയർ മുഖേന ലഭ്യമായ ചെലവ് പത്രികയിൽ നിന്ന് വ്യക്തമാവുന്നതാണ്. ആയതിനാൽ നഗരസഭ യുടെ മറുപടി സ്വീകാര്യമല്ല.

ഓഡിറ്റ് വർഷം പദ്ധതിയുടെ ഭാഗമാക്കാതെ നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | വൗച്ചർ | തുക |
|---|---|---|---|
| 1 | മുട്ടുങ്ങൽ റോഡ് ക്വാറി വേസ്റ്റ് | 793/1-17 തീയ്യതി 13.1.2017 | 50000 |
| 2 | കൊട്ടേക്കോട് ഇടവഴി കോൺക്രീറ്റ് | 250/6-16 തീയ്യതി 24.6.2016 | 300000 |
| 3 | നഗരസഭാ ഓഫീസിൽ ടോയ്ലറ്റ്, വാഷ് ബേസിൻ, അനുബന്ധ പ്രവൃത്തികൾ | 567/10-16തീയ്യതി 20.10.2016 | 191607 |
| 4 | ആനത്താനം അംഗൻവാടി റിപ്പയർ | 410/8-16 തീയ്യതി 25.8.2016 | 375000 |
| 5 | സി.കെ ഹൗസ് ഡ്രൈനേജ്, കവർ സ്ലാബ് | 65/4-16 തീയ്യതി 21.4.2016 | 495000 |
| 6 | ഇ.എം.എസ് നഗർ ഡ്രൈനേജ്, കവർ | 53/4-16 തീയ്യതി | 491886 |

| | | | |
|---|---|---|---|
| | സ്ലാബ് | 13.4.2016 | |
| 7 | നഗരസഭാ ടൗൺഹാളിൽ ഇലക്ട്രിഫിക്കേഷൻ | 815/1-17 തീയ്യതി 24.1.2017 | 89441 |
| 8 | സുബ്രഹ്മണ്യക്ഷേത്രം റോഡ് ബാക്കി ഭാഗം പ്രവൃത്തി | 678/11-16 തീയ്യതി 19.11.2016 | 200000 |
| 9 | വളയംമൂച്ചി പൂഴിക്കുന്നത്ത് റോഡ് എസ്.എം.ടി | 680/11-16 തീയ്യതി 23.11.2016 | 430000 |
| 10 | വായുള്ളി പള്ള്യാൽ ഇടവഴി കോൺക്രീറ്റ് | 414/8-16 തീയ്യതി 25.8.2016 | 498372 |
| 11 | പൂക്കാട്ടിൽ ഇടവഴി പ്രവൃത്തി | 419/8-16 തീയ്യതി 25.8.2016 | 350000 |
| 12 | വിവിധ വാർഡുകളിൽ റോഡ് ടാർപാച്ച് പ്രവൃത്തി | 598/10-16തീയ്യതി 25.10.2016 | 499000 |
| 13 | കുറ്റിപ്പുളി റോഡ് കൾവർട്ട് പുനരുദ്ധാരണം | 417/8-16 തീയ്യതി 25.8.2016 | 300000 |
| 14 | തോട്ടേക്കോട് റോഡ് മെറ്റലിങ്ങ്, ടാറിങ് | 227/6-16 തീയ്യതി 20.6.2016 | 367126 |
| 15 | കുന്നപ്പള്ളി-ഒസ്സാരക്കുണ്ട്പറമ്പ് റോഡ് പ്രവൃത്തി | 682/11-16 തീയ്യതി 23.11.2016 | 471631 |
| 16 | ദേവസ്വം പറമ്പ് റോഡ് എസ്.എം.ടി | 418/8-16 തീയ്യതി 25.8.2016 | 399579 |
| 17 | ഓട്ടുകമ്പനി ആശാരിക്കര റോഡ് സൈഡ് കോൺക്രീറ്റ് | 231/6-16 തീയ്യതി 20.6.2016 | 392000 |
| 18 | ആശാരിക്കര നടപ്പാത ബാക്കി ഭാഗം പ്രവൃത്തി | 232/6-16 തീയ്യതി 20.6.2016 | 250000 |
| 19 | നഗരസഭയുടെ പുതിയ റിക്കാർഡ് റൂം ഇലക്ട്രിഫിക്കേഷൻ | 889/1-17 തീയ്യതി 25.2.2017 | 49000 |
| 20 | ആറ്റുതൊടി ഇടവഴി റോഡ് കോൺക്രീറ്റ് | 228/6-16 തീയ്യതി 20.6.2016 | 300000 |
| 21 | ശ്മശാനം കാർഗിൽ റോഡ് റീ ടാറിങ് | 40/4-16 തീയ്യതി 7.4.2016 | 467771 |
| 22 | മനഴി ബസ്റ്റാന്റ് ഇലക്ട്രിഫിക്കേഷൻ | 814/1-17 തീയ്യതി 24.1.2017 | 200000 |
| 23 | ,, | 660/11-16 തീയ്യതി 14.11.2016 | 200000 |

| | | | |
|---|---|---|---|
| 24 | പുതിയ ബസ്റ്റാന്റ് മത്സ്യ മാർക്കറ്റിന് മുൻവശം റോഡ് നിർമ്മാണം | 557/10-16തീയ്യതി 18.10.2016 | 940000 |
| 25 | ,, | 988/3-17തീയ്യതി 24.3.2017 | 1021898 |
| 26 | പുത്തൻപീടിക ഓട്ടുപാറ റോഡ് കോൺക്രീറ്റ് | 411/8-16 തീയ്യതി 25.8.2016 | 400000 |
| 27 | ആഭരണക്കല്ല്- എടപ്പറ്റ റോഡ് പ്രവൃത്തി | 600/10-16തീയ്യതി 31.10.2016 | 496387 |
| 28 | ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്ന സ്ഥലത്ത് ചുറ്റുമതിൽ അനുബന്ധ പ്രവൃത്തികൾ | 412/8-16 തീയ്യതി 25.8.2016 | 440824 |
| 29 | മാനത്ത്മംഗലം പള്ളിറോഡ് പ്രവൃത്തി | 416/8-16 തീയ്യതി 25.8.2016 | 499000 |
| 30 | ഗ്യാസ് ഏജൻസി റോഡ് സൈഡ് കെട്ടൽ | 83/4-16 തീയ്യതി 29.4.2016 | 450000 |
| 31 | തോട്ടക്കരപാലം സൈഡ് റിപ്പയർ | 415/8-16 തീയ്യതി 25.8.2016 | 476000 |
| 32 | തേക്കിൻ കാട്ടിൽ രാമകൃഷ്ണന്റെ വീടിനടുത്തുള്ള സംരക്ഷണഭിത്തി തകർന്ന് വീണത് റിപ്പയർ ചെയ്യൽ | 790/1-17 തീയ്യതി 13.1.2017 | 48659 |
| 33 | കോലോത്തൊടി റോഡ് പ്രവൃത്തി | 81/4-16 തീയ്യതി 26.4.2016 | 250000 |
| 34 | ശ്രീവൽസം തോട്ടേക്കാട് റോഡ് കോൺക്രീറ്റ് | 36/4-16 തീയ്യതി 7.4.2016 | 416342 |
| 35 | ചെർപ്പുളശ്ശേരി കൊളക്കട റോഡ് | 230/6-16 തീയ്യതി 20.6.2016 | 350000 |
| 36 | പി.പി വാസുദേവൻ റോഡ് പ്രവൃത്തി | 39/4-16 തീയ്യതി 7.4.2016 | 450000 |
| 37 | മുട്ടിപ്പാലം-നാലുകണ്ടം റോഡ് ഫില്ലിങ് | 38/4-16 തീയ്യതി 7.4.2016 | 68000 |
| 38 | കണക്കഞ്ചേരി കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 423/8/16 തീയ്യതി 25.8.2016 | 31110 |
| 39 | അംഗൻവാടി, വായന ശാല ഇലക്ട്രിഫിക്കേഷൻ | 56/4-16തീയ്യതി 13.4.2016 | 141000 |
| 40 | ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനായി റോഡ് കട്ട് ചെയ്ത | 893/2-17 തീയ്യതി 13.4.2016 | 40000 |

| | | | |
|---|---|---|---|
| | ബാഗം കോൺക്രീറ്റ് ചെയ്യൽ | | |
| 41 | മുട്ടുങ്ങൽ റോഡ് ക്വാറി വൈസ്റ്റ് | 794/1-17 തീയ്യതി 13.1.2017 | 27788 |
| | | | 13914421 |

നഗരസഭയുടെ വാർഷിക പദ്ധതിയുടെ ഭാഗമാക്കി ആവശ്യമായ അംഗീകാരമില്ലാതെ തനത് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്ന പ്രവണത പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

## 3-2 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ

നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്നതും അല്ലാത്തതുമായ മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള മുനിസിപ്പാലിറ്റി രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ,ചീഫ് എഞ്ചിനീയറുടെ നിർദ്ദേശങ്ങൾ എന്നിവയിയിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുന്നുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്ടിവിറ്റി പ്ലാൻ,ആസ്തി രജിസ്റ്റർ കാലികമാക്കാത്തത്

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്.

നഗരസഭകളുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാൻ പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണ്. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

2.വ്യക്തമായ കാരണമില്ലാതെ റോഡ് കോൺക്രീറ്റിംഗ് നിർവ്വഹിക്കുന്നു

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയാണ് മിക്ക പ്രോജക്ടുകളിലും കോൺക്രീറ്റിംഗ് നിർവ്വഹിക്കുന്നത്. നിർമ്മാണത്തിനും മെയിന്റേനൻസിനും ടാറിംഗ് പ്രവൃത്തികളേക്കാൾ സാമ്പത്തിക ചെലവ് ഉണ്ടാക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

3. നിർവ്വഹണത്തിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃസമിതികളുടെ സംഘാടനപരമായ കഴിവും

സാമ്പത്തിക ശേഷിയും പരിശോധിക്കപ്പെടുന്നില്ല. ഗുണഭോക്തൃസമിതികളുടെ മിനിട്സ് പരിശോധിച്ചതിൽ രൂപീകരണ സമയത്തല്ലാതെ പ്രവൃത്തിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്താനും വരവു ചെലവ് അംഗീകരിക്കാനും യോഗം ചേരുന്നില്ലായെന്ന് കാണുന്നു. ബാങ്കുകളിൽ സംയുക്ത എക്കൗണ്ട് തുടങ്ങാനുള്ള നിർദ്ദേശം നടപ്പിലാക്കുന്നില്ല.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ് പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ് പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണമാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്.

4.ടെൻഡർ നടപടികളിലെ അപാകതകൾ

2016-17വർഷത്തിൽ ഇ-ടെണ്ടർ നടപടികളിലൂടെ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ പുരോഗതിയുണ്ടായിട്ടില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഈ -ടെണ്ടർ മുഖേന നടപ്പിലാക്കുകയെന്ന സർക്കാർ നയം സ.ഉ (സാധ) നമ്പർ 53/2015/ തസ്വഭവ തീയതി 07.01.2015 ലൂടെ വ്യക്തമാക്കിയതാണെങ്കിലും ഗുണഭോക്തൃ കമ്മറ്റികൾ വഴി നിർവ്വഹിക്കുന്ന രീതിയിൽ എസ്റ്റിമേറ്റ് തുക പരിമിതപ്പെടുത്തുന്നതായി കാണുന്നു. 2016-17വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ 23എണ്ണത്തിന്റെ അടങ്കൽ തുക499,000രൂപയുടേതാണ്. വികസനഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ 152 പ്രവൃത്തികളിൽ ഒരെണ്ണം പോലും ഇ ടെണ്ടർ ചെയ്തിട്ടില്ല. 2015-16 ൽ 42.45ലക്ഷം രൂപ അടങ്കലുള്ള പുതിയ ബസ്റ്റാന്റിലേക്ക് മത്സ്യമാർക്കറ്റിന് മുൻവശം റോഡ് നിർമ്മാണമെന്നതുൾപ്പടെ 5 പ്രവൃത്തികൾ ഇ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നുണ്ട്.എന്നാൽ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം (ക്രമ നമ്പർ 20,23,37,38,40,44,48,92,99,107) തനത്ഫണ്ട് വിഹിതമുപയോഗിച്ചുള്ളതും വാർഷിക പദ്ധതിയുടെ ഭാഗമാക്കാത്തതുമായ 5ലക്ഷവും അതിന് മുകളിലും വരുന്ന 10 പ്രവൃത്തികൾ ഇ ടെണ്ടർ നടപടി സ്വീകരിക്കാതെയാണ് നടപ്പിലാക്കിത്. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ.ഉ (സാധ) നമ്പർ 1288/2015/ തസ്വഭവ തീയതി 30.04.2015 ൽ നിഷ്കർഷിച്ച 5 ലക്ഷവും അതിന് മുകളിലുള്ളതുമായ പ്രവൃത്തികൾ ഈ-ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് നടപ്പിലാക്കാനുള്ള നിർദ്ദേശവും എൽ എസ് ജി ഡി ചീഫ് എഞ്ചിനീയർ 06.05.2015 ന് പുറപ്പെടുവിച്ച DB3/753/12/CE നമ്പർ സർക്കുലറിലെ നിർദ്ദേശവും മറികടക്കാനുള്ള ശ്രമം ഒഴിവാക്കേണ്ടതാണ്.

5.വരുമാന നികുതി ഈടാക്കുന്നില്ല.

ഗുണഭോക്തൃ സമിതികൾ വഴി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ നിലവിൽ 2% നിരക്കിൽ നികുതി ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്നും നേരിട്ട് ഈടാക്കി അടവാക്കിയശേഷം റിട്ടേൺ സമർപ്പിക്കുന്നതനുസരിച്ച് കൺവീനറുടെ ബാങ്ക് അക്കൗണ്ടിലേക്ക് റീഫണ്ട് ചെയ്യുന്നതിനാണ് നിർദ്ദേശമെങ്കിലും ഒരു പ്രവൃത്തിയിലും നികുതി ഈടാക്കിയിട്ടില്ല. വികസന ഫണ്ടു ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികൾ പൂർണ്ണമായും ഗുണഭോക്തൃ കമ്മറ്റികൾ വഴി നടപ്പിലാക്കുന്ന സാഹചര്യത്തിൽ വരുമാന നികുതി ഈടാക്കാത്തത് കേന്ദ്രസർക്കാർ ഫണ്ടിന് നഷ്ടമുണ്ടാക്കുന്നുണ്ട്.

6.സേവന നികുതി അടവാക്കിലില്ല.

2016-17 ലെ പ്രവൃത്തികളിൽ കെട്ടിട നിർമ്മാണ/റിപ്പയർ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ സേവന നികുതി അടവാക്കുന്നതിനായി അർഹമായ നിരക്കുകളിൽ തുക വകയിരുത്തുന്നുണ്ടെങ്കിലും ഒന്നിലും തുക അടവാക്കിയിട്ടില്ല. നികുതി തുകയുടെ പകുതി കൺവീനർ/കരാറുകാരൻ നേരിട്ട് അടവാക്കുന്നത് പേയ്മെന്റ് സമയത്ത് സ്ഥാപനത്തിൽ നിന്നും റീഫണ്ട് ചെയ്യാനും അവശേഷിക്കുന്നത് സ്ഥാപനമടവാക്കാനുമാണ് നിർദ്ദേശമുള്ളത്.

7.തനത് ഫണ്ട് വിഹിതം വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനിവാര്യച്ചുമതലകൾ നിറവേറ്റിയ ശേഷമുള്ള തനത് ഫണ്ട് വിഹിതം വാർഷിക പദ്ധതിയുടെ ഭാഗമായി മാറ്റാനും പദ്ധതി മാർഗ്ഗനിർദ്ദേശമനുസരിച്ച് വിനിയോഗിക്കാനുമുള്ള നിർദ്ദേശം ഓഡിറ്റ് വർഷത്തിലും നടപ്പിലായിട്ടില്ല. ഇതു സംബന്ധിച്ച് പ്രത്യേക പരാമർശം റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

8.വാറ്റ്,വെൽഫയർ ഫണ്ട് വിഹിതം മുഴുവനായി ഈടാക്കാത്തത്

റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ നിർവ്വഹണത്തിന് നഗരസഭയിൽ നിന്നും ടാർ വാങ്ങി വിതരണം ചെയ്യുന്നുണ്ടെങ്കിലും ഓഡിറ്റ് സമയത്തും വിതരണം പൂർത്തിയാക്കിയിട്ടില്ല. ടാർ വിതരണവുമായി ബന്ധപ്പെട്ട് പ്രത്യേകം പരാമർശം ചേർത്തിട്ടുണ്ട്. ഈ വർഷത്തിൽ പൂർത്തിയാക്കിയ മൂന്ന് പ്രവൃത്തികൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റിൽ നികുതി അടവാക്കാനായി ഉൾപ്പെടുത്തിയ തുകയിൽ നിന്നും പൂർണ്ണമായും റിക്കവറി നടത്തുന്നില്ലായെന്ന് കാണുന്നു.

## 3-3 നഗരസഭ പെൻഷൻഫണ്ട്-അവലോകനം

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡി സി ആർ ജി ബെനഫിറ്റ്) ചട്ടങ്ങൾ പ്രകാരം വനക്കാരുടെ മൊത്ത വരുമാനത്തിന്റെ 15% തുക അതാത് മാസത്തെ ശമ്പള ബില്ലിനോടപ്പം നിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് 25-ാം തീയതിക്ക് മുന്പ് നഗരകാര്യ ഡയറക്ടറുടെ പേരിൽ ו.ഡി യായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കേണ്ടതും അനുവദനീയമായ പെൻഷൻ ുനുകൂല്യങ്ങൾ നൽകുന്നതിനാവശ്യമായ തുക ഇതിൽ നിന്നും മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് ൽകേണ്ടതുമാണ് ,പെൻഷൻ വിഹിതം മാസം തോറും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ുക്കുകയും പ്രതിമാസം നൽകേണ്ട പെൻഷൻ നഗരസഭ, തനതു ഫണ്ടിൽ നിന്ന് യഥാസമയം ൽകുകയുമാണ് ചെയ്തു വരുന്നത്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം മുനിസിപ്പൽ ണ്ടിലേക്ക് അലോട്ട്മെന്റ് ലഭിക്കുന്നില്ല. 31-03-2012 ൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് ₹ ,17,983/- രൂപ ലഭിക്കാൻ അവശേഷിച്ചിരുന്നു. അന്നു മുതൽ 2016-17 വരെയുള്ള കാലയളവിൽ -10-2013 ൽ ലഭിച്ച 20,00,000/- രൂപയല്ലാതെ ഒന്നും തന്നെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് ിച്ചിട്ടില്ല . വർഷം തിരിച്ചുള്ള വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | റഗുലർ ജീവനക്കാർക്ക് പെൻഷൻ നൽകിയത് | സി പി എഫിൽ നിന്ന് ലഭിച്ച തുക | സി പി എഫിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 31-03-2012വരെ | 6017983 | - | 6017983 |

| വർഷം | റഗുലർ ജീവനക്കാർക്ക് പെൻഷൻ നൽകിയത് | സി പി എഫിൽ നിന്ന് ലഭിച്ച തുക | സി പി എഫിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| സി.പി.എഫിൽനിന്ന് ലഭിക്കേണ്ട തുക | | | |
| 2012-13 | 2049258 | - | 2049258 |
| 2013-14 | 3917487 | 2000000 (ഡിഡി നം.572848/25-10-13) | 1917487 |
| 2014-15 | 3225401 | | 3225401 |
| 2015-16 | 4344458 | | 4344458 |
| 2016-17 | 4119561 | | 4119561 |
| | 23674148 | 2000000 | 21674148 |

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്ന ₹ 21674148/- ലഭ്യമാക്കുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 മരാമത്ത് പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല

വൗച്ചർ. 557/10-16തീയ്യതി 18.10.2016 തുക. 940000 (പാർട്ട് ബിൽ)

വൗച്ചർ. 988/3-17തീയ്യതി 24.3.2017 തുക. 1021898 ,,

കരാറുകാരൻ. ശ്രീ ടി.കെ അബ്ദുൽ മജീദ്

കരാർ 30/14-15 തീയ്യതി. 7.7.2015

ഭരണ / സാങ്കേതികാനുമതി തുക . 4275000

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പുതിയ ബസ്സ്റ്റാന്റ് മത്സ്യ മാർക്കറ്റിന് മുൻവശം റോഡ് നിർമ്മാണം എന്ന പ്രവൃത്തി കരാർ പ്രകാരം 7.7.2016 നാണ് പൂർത്തീകരിക്കേണ്ടിയിരുന്നത്.

എന്നാൽ പ്രവൃത്തിയുടെ നിർവ്വഹണ ഘട്ടത്തിൽ പ്രവൃത്തിയിൽ ചില മാറ്റങ്ങൾ അനിവാര്യമായതിനാൽ എസ്റ്റിമേറ്റ് പുതുക്കേണ്ടതുള്ളതിനാലും, പൂർത്തിയാക്കിയ പ്രവൃത്തികൾക്കുള്ള പാർട്ട് ബിൽ തുക പാസ്സായി കിട്ടാത്തതിനാലും പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നും പൂർത്തീകരണ കാലാവധി 31.3.2017 വരെ നീട്ടി നൽകണമെന്നും കരാറുകാരൻ 2.7.2016 ന് നഗരസഭയോട് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് 8.9.2016 തീയ്യതിയിലെ 21-ാം നമ്പർ തീരുമാന പ്രകാരം നഗരസഭ പൂർത്തീകരണ കാലാവധി നീട്ടി നൽകുകകയും ചെയ്തു.

എന്നാൽ 2012 ലെ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം ഒരു പ്രവൃത്തിയുടെ

പൂർത്തീകരണ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അത്രയും ദിവസങ്ങൾ മാത്രമേ നീട്ടി നൽകാവൂ. പരമാവധി 50% ദിവസത്തിൽ അധികരിച്ച് പൂർത്തീകരണ കാലാവധി നീട്ടി നൽകാവുന്നതല്ല എന്നും മാന്വലിൽ ഉണ്ട്. കരാർ പ്രകാരം 7.7.2016 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ നീട്ടി നൽകാവുന്ന കാലാവധി 2.2.2017 ആണ്. എന്നാൽ നഗരസഭാ കൗൺസിൽ 31.3.2017 വരെ കാലാവധി നീട്ടി നൽകിയിരിക്കുന്നു. ഇത് ക്രമ പ്രകാരമല്ല. മാത്രമല്ല ഓഡിറ്റ് തീയ്യതി വരെയും ഈ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 13.4.2016 നാണ് പ്രവൃത്തിയുടെ അളവ് അവസാനമായി രേഖപ്പെടുത്തിയിട്ടുള്ളത്.

പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടും അനുവദനീയമായ ദിവസങ്ങൾക്കകം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കരാറുകാരനിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്.

## 3-5 ബിറ്റുമിൻ വാങ്ങിയത് മുഴുവനായും വിനിയോഗിക്കാത്തത്

2016-17 വാർഷിക പദ്ധതിയിലെ റോഡ് ടാറിംഗ്,റീടാറിംഗ് പ്രവൃത്തികൾക്കായി നഗരസഭയിൽ നിന്നും വികസന ഫണ്ട്, സി എഫ് സി ഗ്രാന്റ് ചെലവഴിച്ച് താഴെ കാണിച്ച പ്രകാരം ബിറ്റുമിൻ വി.ജി 30, ഇമൾഷൻ - ആർ എസ്, എസ്എസ് 1വാങ്ങി വിതരണം ചെയ്യുന്നുണ്ട്.

| ക്രമനമ്പർ | വൗച്ചർ നമ്പർ | തുക(രൂപ) | പ്രവൃത്തികളുടെ എണ്ണം |
|---|---|---|---|
| 1 | 30/28.03.2017 | 31,53,051 | 25 |
| 2 | 31/28.03.2017 | 16,38,177 | 18 |
| 3 | 32/28.03.2017 | 245768 | 2 |
| ആകെ | | 50,36,996 | 45 |

മേൽ കാണിച്ച പ്രവൃത്തികൾക്കായി ബിറ്റുമിന്റെ ആവശ്യകത നിർണ്ണയിച്ചതിന്റേയും വാങ്ങിയതിന്റേയും വിതരണം ചെയ്തതിന്റേയും വിശദാംശം താഴെ ചേർക്കുന്നു.

| | ബിറ്റുമിൻ വി.ജി 30 | ഇമൾഷൻ - ആർ എസ് | ഇമൾഷൻ എസ്എസ്1 |
|---|---|---|---|
| ആവശ്യകത നിർണ്ണയിച്ചത് | 121.553 മെട്രിക് ടൺ | 10.915മെട്രിക് ടൺ | 2.791മെട്രിക് ടൺ |
| വാങ്ങിയത് | 129.636മെട്രിക് ടൺ 831 ബാരൽ | 15.064മെട്രിക് ടൺ | 6.181മെട്രിക് ടൺ |

| | | | |
|---|---|---|---|
| | | 67 ബാരൽ | 34 ബാരൽ |
| വിതരണം ചെയ്തത് | 690ബാരൽ | 61ബാരൽ | 12ബാരൽ |
| ബാലൻസ് | 141ബാരൽ | 6 ബാരൽ | 22ബാരൽ |

ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പേജ് 67 മുതൽ 95 വരെയുള്ള രേഖപ്പെടുത്തൽ പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ നിന്നും 40 പ്രവൃത്തികൾക്കാണ് മേൽകാണിച്ച പ്രകാരം വിതരണം ചെയ്തത്. വിതരണം ചെയ്യാനവശേഷിക്കുന്നവയുടെ നിർവ്വഹണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമല്ല. അപാകതകൾ ഓഡിറ്റ് എൻക്വയറി 25/10-11-2017പ്രകാരം ശ്രദ്ധയിൽ പെടുത്തിയതാണ്. ബിറ്റുമിൻ വാങ്ങി നൽകി പൂർത്തിയാക്കാൻ അവശേഷിക്കുന്ന മുഴുവൻ പ്രവൃത്തികളുടെയും ഫയൽ അടുത്ത ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-6 വാറ്റ്, ക്ഷേമനിധി വിഹിതം മുഴുവനായും ഈടാക്കിയില്ല – 23876രൂപ അധികം നൽകി

2016-17 ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ ഗുണഭോക്തൃ സമിതികൾ വഴി നടപ്പിലാക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ നികുതി വിഹിതം അടവാക്കാനായി ചെലവിന്റെ 7.5 ശതമാനം ഉൾപ്പെടുത്തിയതാണ്. പദ്ധതിയിലുൾപ്പെടുത്തിയ 45 പ്രവൃത്തികൾക്ക് നഗരസഭ നേരിട്ട് ബിറ്റുമിൻ വാങ്ങി വിതരണം ചെയ്യുന്നുണ്ടെങ്കിലും ഓഡിറ്റ് കാലയളവിൽ 3 എണ്ണത്തിന്റെ നിർവ്വഹണം മാത്രമാണ് പൂർത്തിയായത്.

നിർവ്വഹണം പൂർത്തിയായ പ്രവൃത്തികളുടെ നികതി റിക്കവറി പരിശോധിച്ചതിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പ്രൊവിഷൻ പ്രകാരം ആകെ മൂല്യനിർണ്ണയ തുകയുടെ നിശ്ചിത ശതമാനം വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം മുഴുവനായും റിക്കവറി നടത്താത്തതിനാൽ അധികചെലവുണ്ടായതായി കാണുന്നു.

| ക്രമ നം. | പ്രോജക്ട് വിശദാംശം | മൂല്യനിർണ്ണയം, ബിറ്റുമിൻ റിക്കവറി | വാറ്റ്,വെൽഫയർ ഫണ്ട് റിക്കവറി | റിക്കവറി നടത്തേണ്ടത് | കുറവ് |
|---|---|---|---|---|---|
| 1 | 177/17:കൊല്ലങ്കോട് മൂക്ക്പാലം മുതൽ കൊട്ടപ്പുറം റോഡ്<br>അടങ്കൽ:495000<br>വൗച്ചർ:56/30.3.17 | മൂല്യനിർണ്ണയം: 476094<br>ബിറ്റുമിൻ റിക്കവറി:188,896 | വാറ്റ്:14360<br>വെൽഫയർ ഫണ്ട്:2872 | വാറ്റ്:23360<br>വെൽഫയർ ഫണ്ട്:4760 | 9445രൂപ,<br>1888രൂപ |

| | | | | | |
|---|---|---|---|---|---|
| 2 | 157/17:അളയക്കാട് അമ്പലം മുതൽ മൗലാന റോഡ് വരെ<br>അടങ്കൽ:210000<br>വൗച്ചർ:70/31.3.17 | മൂല്യനിർണ്ണയം: 206750<br>ബിറ്റുമിൻ റിക്കവറി:80588 | വാറ്റ്:6208<br>വെൽഫയർ ഫണ്ട്:1242 | വാറ്റ്:10238<br>വെൽഫയർ ഫണ്ട്:2047 | 4030 രൂപ,<br>805 രൂപ |
| 3 | 97/17:ഫയർസ്റ്റേഷൻ റോഡ്<br>അടങ്കൽ:495000<br>വൗച്ചർ:64/30.3.17 | മൂല്യനിർണ്ണയം: 481141<br>ബിറ്റുമിൻ റിക്കവറി:128487 | വാറ്റ്:17633<br>വെൽഫയർ ഫണ്ട്:3527 | വാറ്റ്:24057<br>വെൽഫയർ ഫണ്ട്:4811 | 6424 രൂപ,<br>1284 രൂപ |
| ആകെ | | | | വാറ്റ്<br>വെൽഫയർ ഫണ്ട് | 19899 രൂപ<br>3977 രൂപ |

ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് 23876 രൂപ അധികം നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തികളിൽ ബിറ്റുമിൻ വിതരണം ചെയ്തതിന്റെ ഒഴിഞ്ഞ ബാരലുകൾ അതാത് കൺവീനർ തിരികെ ഏൽപ്പിച്ചതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകത രേഖാമൂലം ഉത്തരവാദിയായവരുടെ ശ്രദ്ധയിൽപ്പെടുത്തി. തുക ബന്ധപ്പെട്ട കൺവീനറിൽമാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-7** <u>സേവനനികുതി അടവാക്കിയില്ല – മൂല്യനിർണ്ണയ തുകയിലും അധികം ചെലവഴിച്ചു</u>

നഗരസഭയിലെ GLPസെൻട്രൽ സ്കൂളിലെ മെയിൻബ്ലോക്ക് കെട്ടിടത്തിൽ അധികസൗകര്യം ഒരുക്കുന്നതിനാണ് 131/2017 നമ്പർ പ്രോജക്ടിൽ 4.99ലക്ഷം രൂപ വകയിരുത്തിയത്. കരാറുകാരന്റെ ലാഭ വിഹിതം ഒഴിവാക്കിയും വാറ്റ്, വെൽഫയർ ഫണ്ട് അടവാക്കാക്കാനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയുമുള്ള 2014 ലെ ഡി എസ് ആർ നിരക്കിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 10.5% സേവന നികുതി അടവാക്കാനുള്ള തുക 47361.75 രൂപ കൂടി ഉൾപ്പെടുന്നുണ്ട്.

പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയപ്പോൾ ( അളവ് പുസ്തകം 258/15-16) സേവനനികുതിയായി 47049 രൂപ ഉൾപ്പെടുത്തി 495139 രൂപ ആകെ മൂല്യനിർണ്ണയം കണക്കാക്കിയാണ് ചെക്ക് മെഷർമെന്റിനായി സമർപ്പിച്ചത്. തുടർന്നുള്ള പരിശോധനയിൽ ഇനം നമ്പർ 2,4 എന്നിവയുടെ അളവ് എസ്റ്റിമേറ്റ് അളവിന്റെ 5% അധികരിച്ച അളവിൽ

പരിമിതപ്പെടുത്തിയത് തിരുത്തി മൂല്യനിർണ്ണയ തുക 474249 രൂപയായി ഉയർത്തുന്നുണ്ട്. സേവനനികുതി ഉൾപ്പെടുത്താതെ ഇനം നമ്പർ 2,4 എന്നിവയുടെ അളവ് എസ്റ്റിമേറ്റ് അളവിന്റെ 5% കൂടി അധികം ഉൾപ്പെടുത്തിയുള്ള മൂല്യനിർണ്ണയം 448090രൂപയാണ്. മൂല്യനിർണ്ണയ തുക 474249 രൂപയായി ഉയർത്തുമ്പോൾ സേവന നികുതി 49797 രൂപ ഉൾപ്പെടെ ആകെ മൂല്യനിർണ്ണയം 524046 രൂപ വരുന്നുണ്ട്. ഇത് അംഗീകൃത എസ്റ്റിമേറ്റ് തുകയുടെ 5% ൽ അധികരിക്കുന്നുണ്ട്.

സേവന നികുതി ഉൾപ്പെടുത്താതെ മൂല്യനിർണ്ണയം 474249രൂപ കണക്കാക്കി താഴെ കാണിച്ച പ്രകാരമാണ് ഗുണഭോക്തൃ കമ്മറ്റി കൺവീനർക്ക് തുക അനുവദിച്ചത്.

മൂല്യനിർണ്ണയം തുക : 474249

(-) വാറ്റ് 5% : 23712

(-) വെ. ഫണ്ട് 1% :4742

കൺവീനർക്ക് നൽകിയത് :445795 രൂപ ( വൗച്ചർ നമ്പർ 6/17.3.17)

സേവന നികുതിയായി 47049 രൂപ ഉൾപ്പെടുത്തി ആകെ 495139 രൂപ മൂല്യനിർണ്ണയം നടത്തിയ പ്രവൃത്തിയുടെ ഇനം നമ്പർ 2,4 എന്നിവയിൽ അനുവദനീയമായ 5% ത്തിലും അധികരിച്ച അളവെടുത്താണ് മൂല്യനിർണ്ണയം 474249 രൂപയായി മാറ്റം വരുത്തിയത്. എന്നാൽ ഇതിൽ എസ്റ്റിമേറ്റിൽ സേവന നികുതിയായി അടവാക്കാനുള്ള തുക ഉൾപ്പെടുത്തുന്നില്ല. മൂല്യനിർണ്ണയ തുക 474249 രൂപയായി ഉയർത്തുമ്പോൾ സേവന നികുതി 49797 രൂപ ഉൾപ്പെടെ ആകെ മൂല്യനിർണ്ണയം 524046 രൂപ വരുന്നുണ്ട്. ഇത് മൂല്യനിർണ്ണയം 5% ൽ അധിക പരിധിയിൽ കൂടുന്നുണ്ട്. സേവന നികുതി അടവാക്കാതിരിക്കുന്നതിന് മറുപടിയിൽ വ്യക്തമാക്കുന്ന കാരണം സ്വീകാര്യമല്ല. നികുതി അടവാക്കുന്നതിൽ വീഴ്ച വരുത്തി അംഗീകൃത എസ്റ്റിമേറ്റിന്റെ പരിധിയിലുമധികം മൂല്യനിർണ്ണയം നടത്തിയ നടപടി അംഗീകരിക്കുന്നില്ല.

മൂല്യനിർണ്ണയം തുക : 448090

(-) വാറ്റ് 5% : 22405

(-) വെ. ഫണ്ട് 1% :4480

അനുവദിക്കാവുന്ന തുക :421205

കൺവീനർക്ക് നൽകിയത് :445795

അധികം നൽകിയത് : 445795 -421205 = 24590 രൂപ

കൺവീനർക്ക് അധികം നൽകിയ തുക തിരിച്ച് പിടിച്ച് പ്രവൃത്തിയുടെ സേവന നികുതിയായി കണക്കാക്കിയ തുക 47049 രൂപ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-8 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണരേഖയില്ലാത്തത്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷത്തിൽ കുടിവെള്ള വിതരണ,വൈദ്യുതീകരണ പ്രവൃത്തികളുടെ നിർവ്വഹണത്തിന് വിവിധ സർക്കാർ ഏജൻസികളിൽ തുക നിക്ഷേപിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ | പ്രോജക്ട് വിശദാംശം | തുക നിക്ഷേപിച്ചത് |
|---|---|---|

| നമ്പർ | | |
|---|---|---|
| 1 | 169/2017: സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ,മീറ്ററിംഗ് സ്ഥാപിക്കൽ<br>വൗച്ചർ നമ്പർ 1/17.02.2017 | 19,99,999 രൂപ<br>( AEE,KSEB പെരിന്തൽമണ്ണ സെക്ഷൻ) |
| 2 | 214/2017: വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ<br>വൗച്ചർ നമ്പർ 5/17.02.2017 | 10,00,000 രൂപ<br>(വാട്ടർ അതോറിറ്റി) |

നിക്ഷേ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഓഡിറ്റ് സമയത്തും ലഭ്യമായിട്ടില്ല. 2015-16 ൽ ആഭരണക്കല്ല് കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിക്ക് 13.5 ലക്ഷം നിക്ഷേപിച്ചിട്ടുണ്ട്. 2016/17 ലെ മേൽകാണിച്ച പ്രകാരമുള്ള 29,99,999രൂപയുടെ ചെലവ് പൂർത്തികരണ വിവരം ലഭ്യമാക്കുന്നതുവരെ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. സ്ഥാപനങ്ങളുമായുണ്ടാക്കിയ നിർദ്ദിഷ്ട കരാറിലെ നിശ്ചിത സമയപരിധി പാലിച്ച് നിർവ്വഹണം പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്.

## **3-9** നഗരസഭ വാടകക്കെട്ടുത്ത ക്വാർട്ടേഴ്സിൽ താമസിച്ച ഉദ്യോഗസ്ഥന് വീട്ടുവാടക ബത്ത നൽകി

ബിൽ നം. 1/14-07-16 : 66637

ബിൽ നം. 3/14-07-16 : 247948

ബിൽ നം. 4/26-07-16 : 71,789

ബിൽ നം. 5/31-08-16 : 63553

ശ്രീ. അബൂബക്കർ ഹാജി, നെച്ചിയിലകത്ത് വീട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 19/28(3)-ാം നമ്പർ ക്വാർട്ടേഴ്സിൽ 01-06-2015 മുതൽ ശ്രീ. എ.എസ്. സുഭഗൻ, മുനിസിപ്പൽ സെക്രട്ടറി താമസിക്കുന്നുണ്ട്. ആയതിന് 4000രൂപ മാസവാടക ഇനത്തിൽ തനത് ഫണ്ടിൽ നിന്നും നൽകുന്നുമുണ്ട്.

എന്നാൽ, മേൽ ട്രഷറി ബില്ലുകൾ പ്രകാരം പിൻവലിച്ച ശ്രീ. എ.എസ്. സുഭഗൻ, മുനിസിപ്പൽ സെക്രട്ടറിയുടെ ഫെബ്രുവരി മുതൽ ആഗസ്റ്റ് 2016വരെയുള്ള 7 മാസത്തെ ശമ്പള ബില്ലുകളിൽ വീട്ടുവാടക ബത്ത 1750 രൂപ കൂടി ഉൾപ്പെടുന്നുണ്ട്.

ഉദ്യോഗസ്ഥൻ താമസിക്കുന്ന ക്വാർട്ടേഴ്സിന് തനത് ഫണ്ടിൽ നിന്നും വാടക നൽകുന്നതോടൊപ്പം വീട്ടുവാടക ബത്ത കൂടി നൽകിയത് ക്രമപ്രകാരമല്ല. 12,250 (7X1750) രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-10 2016-17 വർ,ഷം പിരിച്ചെടുത്ത ലൈബ്രറിസെസ് നാളിതുവരെ അടവാക്കിയിട്ടില്ല

സർക്കുലർ നം.10088/എൽ3/05/തസ്വഭവ.തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ, പെരിന്തൽമണ്ണ നഗരസഭ 2015-16 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് വൗച്ചർ നം. 1003/17 പ്രകാരം 31-03-2017 ൽ മാത്രമാണ് അടവാക്കിയിട്ടുള്ളത്. 2016-17 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് നാളിതുവരെ അടവാക്കിയിട്ടുമില്ല.

അപാകത പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-11 ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സകോളർഷിപ്പ്- അനുവദനീയമായ പരമാവധി തുക വിതരണം ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

ബിൽ. 5/25.3.2017 തുക 352800

പെരിന്തൽമണ്ണ ഗവ: ഹയർ സെക്കന്ററി സ്കൂൾ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 12000 രൂപ വീതവും ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് അവർ പഠിക്കുന്ന ക്ലാസുകൾക്കനുസരിച്ചുള്ള തുകയുമാണ് വിതരണം ചെയ്തിട്ടുള്ളത്. ആകെ 35 പേർക്ക് ഈ ഇനത്തിൽ ധന സഹായം നൽകിയിട്ടുണ്ട്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 19200 രൂപ (ഉല്ലാസ യാത്ര നടത്തുന്നതിനുൾപ്പെടെ) അനുവദിക്കാവുന്നതാണ്. ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് അവർ പഠിക്കുന്ന ക്ലാസുകൾക്കനുസരിച്ച് ഇതിലും ഉയർന്ന തുകക്കും അർഹതയുണ്ട്. സർക്കാർ നിശ്ചയിച്ച നിരക്കിൽ അനുവദനീയമായ പരമാവധി തുക തന്നെ ഇത്തരം അവശതയനുഭവിക്കുന്നവർക്ക് നൽകാൻ ശ്രമിക്കേണ്ടതാണ്. കൂടാതെ വിദ്യാലയങ്ങളിൽ പോകാത്ത മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പ്രതിമാസം 1000 രൂപ വീതം നൽകാനും സർക്കാർ അനുമതിയുള്ളതാണ്. അങ്ങനെയുള്ളവർ നഗരസഭ പരിധിയിലുണ്ടെങ്കിൽ അവർക്കും ധനസഹായം നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതി - അപാകതകൾ

പ്രൊജക്ട് : കുടുംബശ്രീ വനിതകൾക്ക് സ്വയംതൊഴിൽ ആസ്തി(കോഴിയും കൂടും പദ്ധതി)

നം. : S188/2017

അടങ്കൽ : 12,00,000 ( 6,00,000 – പ്ളാൻ ഫണ്ട് , 6,00,000 - ഗുണഭോക്തൃവിഹിതം)

നിർവ്വഹണം : പ്രൊജക്ട് ഓഫീസർ

ബിൽ നം. 15/03-04-2017 : 6,00,000

100 വനിതകൾക്ക് കോഴിയും കൂട്ടും നൽകി മുട്ട ഉൽപ്പാദനം നടത്തി വനിതകളെ സ്വയം തൊഴിൽ പര്യാപ്തമാക്കുക എന്നതാണ് മേൽ പ്രൊജക്ടിന്റെ ലക്ഷ്യം. 6,00,000 രൂപ പ്ളാൻ ഫണ്ടും , 6,00,000 – ഗുണഭോക്തൃവിഹിതവുമായാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. 100 ഗുണഭോക്താക്കൾക്ക് 6000 രൂപ വീതം ആകെ 6,00,000രൂപ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു -

1. ഗുണഭോക്താക്കളെ നഗരസഭ അംഗീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. കോഴിയോ കൂടോ വാങ്ങിയതിന്റെയോ, വിതരണം ചെയ്തതിന്റെയോ രേഖകൾ ഇല്ല.

3. ബാങ്ക് വായ്പാ ബന്ധിതമായാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ, തുക ബാങ്കിലേക്ക് ബാക്ക്-എൻഡഡ് സബ്സിഡി ആയി നൽകുന്നതിനു പകരം 6000 രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണ് ചെയ്തിട്ടുള്ളത്.

4. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)4/2016/തസ്വഭവ/11-01-2016 , ഖണ്ഡിക 3(7)(ബി) പ്രകാരം നഗര പ്രദേശങ്ങളിൽ വ്യക്തികൾക്കായുള്ള സ്വയം തൊഴിൽ ആസ്തികൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി 25% ആണ്, എന്നാൽ 50% സബ്സിഡിയാണ്(6000) ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. സബ്സിഡി ഇനത്തിൽ അധികം നൽകിയ 3,00,000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-13 ജൈവഗേഹം നെൽകൃഷി വികസനം സബ്സിഡി മാനദണ്ഡം പാലിച്ചില്ല

2016-17 വർഷം നിർവ്വഹണം നടത്തിയ ജൈവഗേഹം നെൽകൃഷി വികസനം എന്ന പദ്ധതിക്കായി (പ്രൊജക്ട് നം.SOO52/17) 1966675 രൂപ താഴെപ്പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

ബിൽ നം.1/7.3.17 തുക 1200000 (ജൈവവള സബ്സിഡിക്ക്)

ബിൽ നം.6/13.3.17 തുക 766675 (നെൽവിത്ത് ,കൂലിച്ചെലവ് ,കീടനാശിനി)

-------------------------------------

ആകെ 1966675

ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

സർക്കാർ ഉത്തരവ് നം. (എം.എസ്) 4/16 /തി 11.1.16,സർക്കാർ ഉത്തരവ് നം. (എം.എസ്) 246/17 /തി 28.1.17 എന്നിവ പ്രകാരം നാമ മാത്ര കർഷകർക്കും ചെറുകിട കർഷകർക്കുമാണ് (പാട്ടകൃഷി ഉൾപ്പെടെ) സബ്സിഡിക്ക് അർഹതയുള്ളത് എന്നിരിക്കെ നാമ മാത്ര കർഷകരും ചെറുകിട കർഷകരും അല്ലാത്ത 4 ഗുണഭോക്താക്കൾക്ക് താഴെപ്പറയും പ്രകാരം ആനുകൂല്യം നൽകിയതിന് വിശദീകരണം രേഖാമൂലം വിശദീകരണം തേടുകയുണ്ടായി.

| ക്രമ | പേര് വിലാസം | സ്ഥലവിസ്തൃതി | ജൈവവള സബ്സിഡി / വിത്ത് | ആകെ |
|---|---|---|---|---|

| നം | | (അപേക്ഷ പ്രകാരം) (ഹെക്ടറിൽ) | വളം,കീടനാശിനി കൂലിച്ചലവ് എന്നിവ | | | | |
|---|---|---|---|---|---|---|---|
| | | | ജൈവ വളം | കൂലി ച്ചെലവ് | റാലിഗോൾഡ് | സ്യൂഡോ മോണസ് | |
| 3 | അബ്ദുൽ ബഷീർ കിഴക്കേക്കര കക്കൂത്ത് | 3.10 | 46500 | 18600 | | | 65100 |
| 10 | അൻവർഷമീം വട്ടപ്പറമ്പിൽ മാനത്ത്മംഗലം | 2.10 | 42000 | 12600 | | | 54600 |
| 61 | മൊയതീൻകുട്ടി കെ.സി കരിമ്പനച്ചുണ്ടൻ കുന്നപ്പള്ളി | 6.20 | 93000 | 37200 | | | 130200 |
| 71 | മുഹമ്മദാലി കൊല്ലക്കോടൻ എരവിമംഗലം | 3.10 | 46500 | 18600 | 580 4kg@ 145 | 80 1kg@ 80 | 65760 |
| ആകെ 315660 | | | | | | | |

സംസ്ഥാന സർക്കാരിന്റെ തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കി നെൽകൃഷിയുടെ വിസ്തൃതിയും ഉത്പാദനവും വർദ്ധിപ്പിക്കുകയെന്ന പദ്ധതിയുടെ ഭാഗമായി നഗരസഭാ പ്രദേശത്തെ 20 ഹെക്ടർ

സ്ഥലത്ത് വിവിധ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ നെൽകൃഷിയിറക്കിയിരുന്നെന്ന് 18/09-11-2017 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വിശദീകരിച്ചു. നെൽകൃഷി ഭൂമിയുടെ വിസ്തൃതിയും ഉത്പാദനവും വർദ്ധിപ്പിക്കാനായെന്നും വിശദീകരിച്ചു. മേൽ പരാമർശിച്ച 4 കൃഷിക്കാരും 5 ഏക്കറിൽ താഴെ ഭൂമിയുള്ള ചെറുകിട കർഷകരാണെന്നും തരിശ് നില ഗ്രൂപ്പുകളുടെ സെക്രട്ടറിമാരാണെന്നും ഇതിന്റെ അടിസ്ഥാനത്തിലാണ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള സബ്സിഡി ഗ്രൂപ്പ് സെക്രട്ടറിമാരുടെ അക്കൗണ്ടിലേക്ക് അനുവദിച്ചതെന്നും കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ടിനായി ഗ്രൂപ്പുകൾ രൂപീകരിച്ചതിന്റെയും സബ്സിഡി ഗ്രൂപ്പ് അംഗങ്ങൾക്ക് കൈമാറിയതിന്റെയും രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 315660/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## **3-14** ജൈവ വളത്തിന് സബ്സിഡി അധികം നൽകിയത്

2016-17 വർഷം നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളിൽ ജൈവ വളത്തിന് സബ്സിഡി നൽകിയതിൽ അപേക്ഷകളിൽ രേഖപ്പെടുത്തിയത്/നികുതി രശീതിയിൽ ഉള്ളതിനേക്കാൾ കൂടുതൽ വിസ്തൃതിക്ക് സബ്സിഡി നൽകിയതായി കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു. മുഴുവൻ രശീതികളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല .ഹാജരാക്കിയ രശീതികളിലെ വിവരമാണ് കൊടുത്തിട്ടുള്ളത്

1.ജൈവ ഗേഹം നെൽകൃഷി വികസനം (പ്രൊജക്റ്റ് 52/17 )

| ക്രമ നം | പേര് | അപേക്ഷപ്രകാരമുള്ള /നികുതി രശീതി പ്രകാരമുള്ള വിസ്തൃതി | സബ്സിഡി നൽകിയ വിസ്തൃതി | അർഹമായത് | നൽകിയത് | അധികം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | അബ്ദുൽ റൗഫ് | .69(ha) | 1.10(ha) | 10350 | 16500 | 6150 | 1 ഹെക്ടറിന് 15000 പ്രകാരം |
| 17 | ചന്ദ്രമോഹൻ | .64 ha | .70 ha | 9600 | 10500 | 900 | |
| 22 | ഫാതിമത് സുഹറ | .36 ha | 1.20 | 5400 | 18000 | 12600 | |
| 23 | ഗോപാലൻ | 39 സെന്റ് (.15 ha) | .40 ha | 2250 | 6000 | 3750 | |

| | | | | | | |
|---|---|---|---|---|---|---|
| 24 | ഗോവിന്ദൻകുട്ടി | 51 സെന്റ് .20 ha | .30 ha | 3000 | 4500 | 1500 |
| 26 | ഹബീബ്റഹ്മാൻ | .41 ha | .5ha | 6150 | 7500 | 1350 |
| 27 | ഹംസ | 1.38 ha | 1.70 ha | 20700 | 25500 | 4800 |
| 29 | ഹംസ ഒറവുതൊടി | .65 ha | 1.30 ha | 9750 | 19500 | 9750 |
| 30 | ഹരിദാസൻ | .26 ha | .60 ha | 3900 | 9000 | 5100 |
| 34 | ജാനകി .പി | .25 ha | .50 ha | 3750 | 7500 | 3750 |
| 36 | ജനാർദ്ധനൻ | .42 ha | .60 ha | 6300 | 9000 | 2700 |
| 39 | രാധാകൃഷ്ണൻ | .31 ha | .40 ha | 4650 | 6000 | 1350 |
| 58 | മുഹമ്മദ് റിയാസ് | .31 ha | .50 | 4650 | 7500 | 2850 |
| 63 | കുന്നത്ത് മൊയ്തു | .18 ha | .40 | 2700 | 6000 | 3300 |
| 70 | മുഹമ്മദ് | 29 സെന്റ് (.11 ha) | .20 ha | 1650 | 3000 | 1350 |
| 76 | നാരായണിയമ്മ | .43 | .60 | 6450 | 9000 | 2550 |
| 76 | സൈതലവി | .08 | .30 | 1200 | 4500 | 3300 |
| 123 | വേണു EP | 132 സെന്റ് (.53 ha) | 1.00 | 7950 | 15000 | 7050 |

| ജൈവ പച്ചക്കറി കഷി വികസനം (പ്രൊജക്ട് നം.70/17) | | | | | | | |
|---|---|---|---|---|---|---|---|
| 108 | മുഹമ്മദ് മുനീർ | .80<br>(2 ഏക്കർ) | 1.6 ha | 12000 | 24000 | 12000 | 1 ഹെക്ടറിന് 15000 പ്രകാരം |

ആകെ 82800

തുക അധികം നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 14/9.11.17 ന് മറുപടിയും രേഖകളും ഹാജരാക്കിയതിൽ ഓഡിറ്റ് എൻക്വയറിയിൽ സൂചിപ്പിച്ച ക്രമ നം 13, 21,58,59,74 എന്നിവരുടെടെ ഭൂമിക്ക് ആധാരമായ രേഖകൾ മാത്രമാണ് ഹാജരാക്കിയത് .മുഴുവൻ ഗുണഭോക്താക്കളുടെയും ഭൂവിസ്തൃതിയുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 82800/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-15 ജൈവ വളത്തിന് സബ്സിഡി നൽകൽ -പദ്ധതി നടത്തിപ്പ് അപാകതകൾ

2016-17-ൽ കൃഷി ഓഫീസർ നിർവ്വഹണോദ്യാഗസ്ഥയായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾക്ക് ജൈവവള സബ്സിഡി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് | ഗുണഭോക്താക്കളുടെ എണ്ണം | തുക | ബിൽ നം/തിയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | പ്രൊജക്ട് നം SOO52/17<br>ജൈവഗേഹം നെൽകൃഷി വികസനം | 127 | 1200000 | 1/7.3.17 | ഹെക്ടറിന് 15000 പ്രകാരം 80 ഹെക്ടറിന് |
| 2 | പ്രൊജക്ട് നം SOO63/17<br>ജൈവഗേഹം നെൽകൃഷി വികസനം(SC) | 8 | 60000 | 5/7.3.17 | ഹെക്ടറിന് 15000 പ്രകാരം 4 ഹെക്ടറിന് |
| 3 | പ്രൊജക്ട് നം SOO70/17<br>ജൈവഗേഹം പച്ചക്കറികൃഷി വികസനം | 149 | 600000 | 11/25.3.17 | ഹെക്ടറിന് 15000 പ്രകാരം 40 ഹെക്ടറിന് |

| | | | | | |
|---|---|---|---|---|---|
| 4 | പ്രൊജക്ട് നം SOO65/17<br>ജൈവഗേഹം പച്ചക്കറികൃഷി വികസനം(SC) | 5 | 45000 | 9/17.3.17 | ഹെക്ടറിന് 15000 പ്രകാരം 3ഹെക്ടറിന് |
| 5 | പ്രൊജക്ട് നം SOO58/17<br>ജൈവഗേഹം കിഴങ്ങ്കൃഷി വികസനം | 127 | 468000 | 4/7.3.17 | ഹെക്ടറിന് 12000 പ്രകാരം 39 ഹെക്ടറിന് |
| 6 | പ്രൊജക്ട് നം SOO71/17<br>ജൈവഗേഹം കിഴങ്ങ്കൃഷി വികസനം(SC) | 16 | 72000 | 8/17.3.17 | ഹെക്ടറിന് 12000 പ്രകാരം 6 ഹെക്ടറിന് |
| 7 | പ്രൊജക്ട് നം SOO61/17<br>ജൈവഗേഹം കുരുമുളക് കൃഷി വികസനം | 145 | 102000 | 10/25.3.17 | ഹെക്ടറിന് 12000 പ്രകാരം 8.5ഹെക്ടറിന് |
| 8 | പ്രൊജക്ട് നം SOO56/17<br>ജൈവഗേഹം വാഴകൃഷി വികസനം | 137 | 825000 | 2/7.3.17 | 1 വാഴക്ക് 15 രൂപ പ്രകാരം 55000 വാഴയ്ക്ക് |
| 9 | പ്രൊജക്ട് നം SOO56/17<br>ജൈവഗേഹം വാഴകൃഷി വികസനം | 95 | 375000 | 3/7.3.17 | 1 വാഴക്ക് 15 രൂപ പ്രകാരം 25000 വാഴയ്ക്ക് |
| 10 | പ്രൊജക്ട് നം SOO64/17<br>ജൈവഗേഹം വാഴകൃഷി വികസനം(SC) | 40 | 300000 | 13/30.3.17 | 1 വാഴക്ക് 15 രൂപ പ്രകാരം 20000 വാഴയ്ക്ക് |
| 11 | പ്രൊജക്ട് നം SOO52/17 | 283<br>121 | 450000<br>156000 | 12/30.3.17<br>14/30.3.17 | തെങ്ങിന് 30 രൂപ നിരക്കിൽ |

| | | | | | |
|---|---|---|---|---|---|
| | ജൈവഗേഹം തെങ്ങ്കൃഷി വികസനം | | | | |

1. സർക്കാർ ഉത്തരവ് (എം.എസ് )നം. 4/2016 ത.സ്വ.ഭ.വ 11.1.2016 പ്രകാരം പ്രാദേശികമായി ഉത്പ്പാദിപ്പിക്കുന്ന ജൈവ കമ്പോസ്റ്റ് വളങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ കൃഷി വകുപ്പ് നിശ്ചയിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അത്തരത്തിൽ യൂനിറ്റ്കോസ്റ്റ് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ വാങ്ങാതെ ഗുണഭോക്താക്കൾ ചെലവഴിച്ചതായി സത്യവാങ്മൂലം നൽകുകയും ആയത് കൃഷി അസിസ്റ്റന്റ്മാർ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ച് നൽകുകയാണ്ചെയ്തിട്ടുള്ളത്.മേൽ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ളാന്റിൽ നിന്ന് കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റി നേരിട്ട് വാങ്ങി വിതരണം ചെയ്യേണ്ടതാണെന്നും ലഭ്യമല്ലാത്ത പക്ഷം ലോക്കൽ പർച്ചേസ് നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ നഗരസഭയിൽ മാലിന്യ സംസ്കരണ പ്ളാന്റ് ഉണ്ടായിരിക്കെ അവിടെനിന്നും വാങ്ങി വിതരണം ചെയ്തിട്ടില്ല. മാത്രമല്ല ലോക്കൽ പർച്ചേസ് നടത്തിയതിന്റെ രേഖകളും ഫയലിൽ ഇല്ല.ആരിൽ നിന്ന് എന്ത് വിലക്ക് എത്ര അളവിൽ വാങ്ങിയെന്ന് ഉറപ്പ് വരുത്താതെയാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. കർഷകർ ജൈവ വളം ശേഖരിച്ചതിന് കൃത്യമായതും ആധികാരികവുമായ രേഖ സൂക്ഷിക്കേണ്ടതാണ്.കൃഷി ഓഫീസർ ,ചെലവഴിച്ച 6023675 രൂപയിൽ 4653000 (77.2%) രൂപയും ഇത്തരത്തിലാണ് ചെലവഴിച്ചത് എന്നതും ശ്രദ്ധേയമാണ്.പദ്ധതി നടത്തിപ്പിൽ സബ്സിഡി മാർഗ്ഗരേഖ നിബന്ധനകൾ കർശനമായുംപാലിക്കേണ്ടതാണ്.

## 3-16 സർക്കാർ ഉത്തരവിന് വിരുദ്ധമായി 'സിഡ്കൊ' യിൽ നിന്ന് കമ്പ്യൂട്ടർ വാങ്ങി

ബിൽ 3/16.2.2017 തുക. 100000

ഗവ: ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആയുർവ്വേദ ഹോസ്പിറ്റലിലേക്ക് കമ്പ്യൂട്ടറും ഫർണ്ണീച്ചറും വാങ്ങൽ (186/17) എന്ന പദ്ധതി പ്രകാരം 70042 രൂപ ചെലവിൽ രണ്ട് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ 'സിഡ്കൊ' യിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ വാങ്ങിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഒഴിവാക്കി വാങ്ങിക്കുന്ന സാധന സാമഗ്രികൾ മേൽ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവക്ക് മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് സ.ഉ (സാധാ) 3299/2016 തീയ്യതി 2.12.2016 നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. അങ്ങനെ അല്ലാത്തവ നിർബന്ധമായും പരസ്യ ടെണ്ടറിലൂടെ വാങ്ങിക്കേണ്ടതാണെന്നും മേൽ ഉത്തരവിലുണ്ട്. പ്രൊജക്ട് പ്രകാരം വാങ്ങിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്വകാര്യ കമ്പനികൾ നിർമ്മിച്ചവയാണെന്ന് ഇൻവോയ്സിൽ നിന്ന് വ്യക്തമാണ്.

വിശദീകരണം ആവശ്യപ്പെട്ട് 15/8.11.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പ്രസ്തുത ഉത്തരവ് വരുന്നതിന് മുമ്പ് തന്നെ പ്രൊജക്ട് പ്രകാരമുള്ള കമ്പ്യൂട്ടറുകൾ വാങ്ങിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു എന്നും ആയത് പ്രകാരം സപ്ലൈ ചെയ്യുകയും ഉണ്ടായി എന്നും മേലിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണ് എന്നും മറുപടി നൽകി.

എന്നാൽ സിഡ്കൊ ഇൻവോയ്സിലെ രേഖപ്പെടുത്തൽ പ്രകാരം കമ്പ്യൂട്ടറുകൾക്ക് ഓർഡർ

നൽകിയത് പരാമർശിത ഉത്തരവ് തീയ്യതിക്ക് ശേഷമാണ് (14.12.2016). സപ്ലൈ ചെയ്തത് 13.1.2017നമാണ്. ആയതിനാൽ മറുപടി വസ്തുതാ വിരുദ്ധമാണ്.

തുടർ വർഷങ്ങളിൽ ടെണ്ടർ നടപടി കൂടാതെ സാധന സാമഗ്രികൾ വാങ്ങുമ്പോൾ സർക്കാർ ഉത്തരവ് പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-17 'സിഡ്കൊ' യിൽ നിന്ന് ഫർണ്ണീച്ചർ വാങ്ങൽ - സർക്കാർ നിശ്ചയിച്ച വില നിലവാരം ഉറപ്പ് വരുത്തിയില്ല.

പെരിന്തൽമണ്ണ ഗവ: ഹയർ സെക്കന്ററി സ്കൂൾ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹൈസ്കൂളിൽ പെൺകുട്ടികൾക്കായുള്ള ഫർണ്ണീച്ചർ, നാപ്കിൻ വെൻഡിങ് മെഷീൻ (212/17), സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി (51/17), വിദ്യാദീപം (55/17) എന്നീ പ്രൊജക്ടുകളിൽ ഉൾപെടുത്തി 'സിഡ്കൊ' യിൽ നിന്ന് ബെഞ്ച്, കസേര, മേശ എന്നിവ വാങ്ങിയിട്ടുണ്ട്. 13.7.2016 ലെ GO(Rt) 34/16 SPD നമ്പർ ഉത്തരവ് പ്രകാരം ടെണ്ടർ നടപടികൾ കൂടാതെയാണ് മേൽ സ്ഥാപനത്തിൽനിന്ന് ഇവ വാങ്ങിയിട്ടുള്ളത്. 28.5.2015 ലെ GO(Rt) 26/15 SPD നമ്പർ ഉത്തരവിന്റെ അനുബന്ധമായി ഉൾപെടുത്തിയ പട്ടിക പ്രകാരമുള്ള വില അനുസരിച്ചാണ് ഫർണ്ണീച്ചറുകൾ 'സിഡ്കൊ' യിൽ നിന്ന് വാങ്ങിക്കേണ്ടത് എന്ന് 13.7.2016ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രൊജക്ട് പ്രകാരം വാങ്ങിയ ഫർണ്ണീച്ചറുകൾ GO(Rt) 26/15 SPD നമ്പർ ഉത്തരവിന്റെ അനുബന്ധമായി ഉൾപെടുത്തിയ പട്ടികയിൽ ഉൾപെടുന്നവയല്ല.

വിശദീകരണം ആവശ്യപ്പെട്ട് 14/8.11.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയ പ്രകാരമുള്ള വില നിലവാരം ഉറപ്പ് വരുത്താതെ 'സിഡ്കൊ യിൽനിന്ന് ഫർണ്ണീച്ചർ വാങ്ങിയതിന് ചെലവഴിച്ച 997208 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.അപാകത പരിഹരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ഇനം | എണ്ണം | വില (14.5% നികുതി ഉൾപെടെ) | ആകെ തുക |
|---|---|---|---|---|
| വിദ്യാദീപം (55/17) 5,8,10 ക്ലാസ്സുകളിൽ പഠിക്കുന്ന SC വിദ്യാർത്ഥികൾക്ക് പഠനോപകരണം, സൈക്കിൾ<br>ബിൽ. 6/25.3.2017 തുക 616000 | Students study table with Open shelf 30"*18"*30" three side covered. Shelf Height 25" Storage platform 14"*16" | 154 | 3312.48 | 510123 |
| ,, | Steel armless chair With (MS) Mesh top | 154 | 687 | 105798 |
| സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി (51/17) | Steel Almirah<br>Uniform Hanging | 8 | 10130.96 | 81048 |

| | | | | |
|---|---|---|---|---|
| ബിൽ. 7/25.3.2017 തുക 100000 | 4.5”*45”W<br>16”D Heavy Sheet Central Partition<br>2 Door with Lock special leg with water proof bush SS.5” special draping system<br>spray painted | | | |
| ,, | Garden Riviera Wood bench | 2 | 10000 | 20000 |
| ഹൈസ്കൂളിൽ പെൺകുട്ടികൾക്കായുള്ള ഫർണ്ണീച്ചർ, നാപ്കിൻ വെൻഡിങ് മെഷീൻ (212/17)<br>ബിൽ. 9/31.3.2017 തുക 470000 | Garden Riviera Wood bench<br>3 seater,straight salt back,<br>Design with arms, Rubwood<br>Construction overall:3”H*2” W*21”D<br>Style contemporary<br>Seat: 57”L*21”W<br>back: 57”L*16”W<br>Arm: 22”L*2.45”W with X model support.<br>Leg:2”*1.25” | 25 | 11209.55 | 280239 |
| ആകെ | | | | 997208 |

## **3-18** <u>വിദ്യാർഥികൾക്ക് പ്രഭാത ഭക്ഷണ വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ</u>

ബിൽ 2/22.2.2017 തുക 500000

പെരിന്തൽമണ്ണ ഗവ: ഹയർ സെക്കന്ററി സ്കൂൾ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി

നടപ്പിലാക്കിയ വിജയപഥം പ്രൊജക്ടിൽ (54/17) ഉൾപെടുത്തി സർക്കാർ പ്രൈമറി സ്കൂളിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകിയത് ഗ്രീൻസ് വനിത കാന്റീൻ - പെരിന്തൽമണ്ണ എന്ന സ്ഥാപനമാണ്. എന്നാൽ പ്രസ്തുത സ്ഥാപനത്തെ ഭക്ഷണ വിതരണത്തിനായി തെരഞ്ഞെടുത്തതിന്റെയും, ഭക്ഷണത്തിന്റെ വില നിർണ്ണയിച്ചതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

നഗരസഭയിലെ നാല് സ്കൂളുകളിൽ ജനുവരി, ഫെബ്രുവരി മാസങ്ങളിലായി ആകെ 26 ദിവസം പ്രഭാത ഭക്ഷണം നൽകിയതിന് ഒരു കുട്ടിക്ക് 30 രൂപ നിരക്കിൽ അഞ്ച് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഭക്ഷണം വിതരണം ചെയ്യുന്നത് സംബന്ധിച്ച ടെണ്ടർ നടപടികളുടെ വിവരം, ഓരോ ദിവസവും നൽകേണ്ട ഭക്ഷണം, അളവ് / എണ്ണം, വിതരണം ചെയ്ത ഭക്ഷണത്തിന്റെ ഗുണ നിലവാരം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം തുടങ്ങിയവയൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

/8.11.2017 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകൾ ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്. ഈ ഇനത്തിലുള്ള 500000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-19 വിജയ പഥം പദ്ധതി - ഉദ്ഘാടന ചെലവ് . സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

പ്രൊജക്ട്. വിജയ പഥം - സമഗ്ര വിദ്യാഭ്യാസ പരിപാടി (48/17)

അടങ്കൽ. 1000000 (വികസന ഫണ്ട്)

ബിൽ. 1/22.2.2017 തുക. 236680

പെരിന്തൽമണ്ണ ഗവ: ഹയർ സെക്കന്ററി സ്കൂൾ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ടിന്റെ 3.9.2016ന് നടന്ന ഉദ്ഘാടന ചെലവുകൾക്കായി 186894 രൂപ ചെലവഴിച്ചിട്ടുണ്ട്. പഠനത്തിൽ പിന്നാക്കം നിൽകുന്ന കുട്ടികൾക്കുള്ള കോച്ചിങ് ക്ലാസ്സുകൾ, സ്കൂളുകളിലേക്ക് ഫർണ്ണിച്ചർ നൽകൽ, നാപ്കിൻ വെൻഡിങ് മെഷീൻ തുടങ്ങിയ മുൻ വർഷങ്ങളിൽ നടപ്പിലാക്കിയതും പതിവ് പ്രൊജക്ടുകളും തന്നെയാണ് ഈ പദ്ധതിയിൽ ഉള്ളത്. ആയതിന്റെ ഉദ്ഘാടനം എന്ന പേരിൽ വലിയ തുക ചെലവഴിച്ചത് ക്രമ പ്രകാരമല്ല.

ഉത്പാദന പരമല്ലാത്ത മേളകൾ, ക്യാമ്പുകൾ എന്നിവക്കായി പണം ചെലവഴിക്കാൻ പാടില്ല എന്ന് പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇത്തരം ചെലവുകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-20 ABC പ്രോഗ്രാം പ്രാരംഭ പ്രവർത്തനങ്ങൾ - വിനിയോഗയാക്ഷ്യപത്രം ഹാജരാക്കിയില്ല. തുക തടസ്സം ചെയ്യുന്നു

2016-17 വർഷം വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ ABC പ്രോഗ്രാം പ്രാരംഭ പ്രവർത്തനങ്ങൾ എന്ന പദ്ധതിക്കായി 500000(ബിൽ നം 4/7.3.17)രൂപ ചെലവഴിച്ചിട്ടുണ്ട് തുക നൽകിയതിന്റെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവുതുക ഓഡിററിൽ തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹൈടെക് ഷോപ്പിങ് കോംപ്ലക്സ് | KURDFC/A2 /111/07 dated 4.3.2011 18.3.2011 | 26840560 | 2840451 | - | 18 ലക്ഷം | 218604 | 1040451 |
| ഹഡ്കോ(ഭവന നിർമ്മാണപദ്ധതി) | HUDCO/TRO /20653 /2014-15/1739 dated 23.01.2015 | 2.035 കോടി | 1.6 കോടി | 43.5 ലക്ഷം | 4723517 | 1627007 | 1562648 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര | 15500000 |

| | |
|---|---|
| നിക്ഷേപം | |
| തൻവർഷം നിക്ഷേപിച്ച തുക | 1000000 |
| ആകെ | 16500000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16500000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| അക്കൗണ്ട് നമ്പർ 433800 GR00000012 | 15000000 |
| ക്ലീൻ കേരള കമ്പനി ലിമിറ്റഡ് നം: 22 തീയ്യതി 26.5.2011 | 500000 |
| ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | 1000000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2016-17 വർഷത്തിൽ ലഭിച്ച 55,213/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു -

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1990-91 | 7(സി) | 46 | സെക്രട്ടറി | 11601105299/15-16-16 |
| 1990-91 | 7(ഇ) | 11 | സെക്രട്ടറി | 11601105300/15-16-16 |
| 1990-91 | 9(ബി) | 425 | സെക്രട്ടറി | 11601105301/15-16-16 |
| 1990-91 | 9(സി) | 250 | സെക്രട്ടറി | 11601105302/15-16-16 |
| 1990-91 | 11(എ) | 562 | സെക്രട്ടറി | 11601105303/15-16-16 |
| 1990-91 | 15 | 154 | സെക്രട്ടറി | 11601105304/15-16-16 |
| 1990-91 | 37 | 768 | സെക്രട്ടറി | 11601105305/15-16-16 |
| 1990-91 | 38 | 150 | സെക്രട്ടറി | 11601105306/15-16-16 |
| 1991-921, 92-93 | 44എ | 30 | സെക്രട്ടറി | 1160115471/17-6-16 |
| | 44(ii) | 141 | സെക്രട്ടറി | 1160115472/17-6-16 |
| | 46(ഡി) | 63 | സെക്രട്ടറി | 1160115473/17-6-16 |
| | 51 | 315 | സെക്രട്ടറി | 1160115474/17-6-16 |
| | 7(1) | 5 | സെക്രട്ടറി | 1160115475/17-6-16 |

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| | 9 | 122 | സെക്രട്ടറി | 11601105484/17-06-16 |
| | 12 | 54 | - | 11601105684/21-06-16 |
| 1998-99 | 26 | 102 | സെക്രട്ടറി | 11601102017/3-5-16 |
| | 28 | 274 | സെക്രട്ടറി | 11601102018/3-5-16 |
| | 16 | 1134 | സെക്രട്ടറി | 11601102019/3-5-16 |
| | 16എ | 1568 | സെക്രട്ടറി | 11601102020/3-5-16 |
| | 26 | 3648 | ശ്രീ. പി.പി. മുസ്തഫ, കോൺട്രാക്ടർ | 11601104852/9-6-16 |
| 1994-95, 95-96 | 14 | 3986 | മാനേജർ, സവിത തിയേറ്റർ | 11601106088/28-6-16 |
| | 14 | 2942 | മാനേജർ, സംഗീത തിയേറ്റർ | 11601106089/28-6-16 |
| | 27 | 180 | ശ്രീ. പി. ചന്ദ്രമോഹൻ, യു.ഡി.സി. | 11601105707/21-06-16 |
| | 29 | 40 | ശ്രീ.പി. വേലായുധൻ, യു.ഡി.സി. | 11601105708/21-06-16 |
| | 30 | 104 | ശ്രീ. വി.ആർ. വിജയകുമാർ, യു.ഡി.സി. | 11601105709/21-06-16 |
| | 31 | 1064 | ശ്രീമതി ദീക്ഷകുമാരി | 11601105711/21-6-16 |
| | 32 | 72 | ശ്രീ. ചെറിയാൻ ഫിലിപ്പ് | 11601105712/21-6-16 |
| | 33 | 538 | ശ്രീമതി ഷീല അഡ്ലിൻ ജോസഫ് | 11601105713/21-6-16 |
| | 34 | 77 | ശ്രീ. ചന്ദ്രൻ. കെ. | 11601105714/21-6-16 |
| | 35 | 337 | ശ്രീ. ചെറിയാൻ ജോർജ് | 11601105715/21-6-16 |
| | 36 | 158 | ശ്രീമതി | 11601105716/21-6-16 |

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| | | | ദീക്ഷകുമാരി | |
| | 37 | 850 | ശ്രീമതി റംല | 11601105717/21-6-16 |
| | 43 | 80 | ശ്രീ. കൃഷ്ണൻകുട്ടി. ടി. | 11601105718/21-6-16 |
| | 46 | 390 | സെക്രട്ടറി | 11601105719/21-6-16 |
| | 47 | 71 | ശ്രീമതി സ്വർണ്ണകുമാരി | 11601105720/21-6-16 |
| | 48 | 298 | ശ്രീ. കോയക്കുട്ടി, സൂപ്രണ്ട് | 11601105721/21-6-16 |
| 1996-97 | 50 | 404 | ശ്രീ. എം.കെ. ഗോപി | 11601106947/13-7-16 |
| 1998-99 | 46,47 | 33800 | ശ്രീ. സേതുമാധവൻ | - |
| ആകെ | | 55,213 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 5 | 2000-01 | | നികുതി പിരിവ് 1260477 രൂപ നഷ്ടം. | |
| 1998-99 | 39 | 2000-01 | | വസ്തുനികുതി ഒഴിവാക്കിയത് നഷ്ടം 163399 രൂപ. | |
| 1998-99 | 46,47 | 2000-01 | | മാർക്കറ്റ് സ്റ്റാളിലെ വാടക | |

| | | | | | |
|---|---|---|---|---|---|
| | | | | ഈടാക്കാത്തത് നഷ്ടം 54925 രൂപ. | |
| 1998-99 | 79 | 2000-01 | | മാർക്കറ്റ് പുനരുദ്ധാരണം അധിക നിരക്ക് നൽകിയത് നഷ്ടം 32589 രൂപ. | |
| 1999-00 | 50 | 2003-04 | | വസ്തുനികുതി | |
| 1999-00 | 63 | 2003-04 | | ടാർ വില | |
| 1999-00 | 74 | 2003-04 | | സംഗീത ക്രോസ് റോഡ് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2016-2017 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 313663402 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 227235604 |
| വരവിനങ്ങളിലുള്ള നഷ്ടം | 91,250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,60,716 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 53,12,867 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 41,250 | | ശ്രീ. പ്രമോദ്.കെ, സെക്രട്ടറി |
| 2-3 | 50,000 | | |
| 3-6 | | 23,876 | ശ്രീ. എൻ. പ്രസന്നകുമാർ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-7 | | 24,590 | |
| 3-9 | | 12,250 | ശ്രീ.എ.എസ്. സുഭഗൻ, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-12 | | 3,00,000 | ശ്രീ. രാജീവൻ. ടി, കുടുംബശ്രീ പ്രൊജക്റ്റ് ഓഫീസർ |
| 3-14 | | 82,800 | ശ്രീമതി മാരിയത്ത് കിബ്ത്തിയ. കെ, കൃഷി ഓഫീസർ |
| ആകെ | 3,60,716 | | |

<u>സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 29,99,999 | ശ്രീ. എൻ. പ്രസന്നകുമാർ, അസിസ്റ്റൻറ് എഞ്ചിനീയർ |
| 3-13 | 315660 | ശ്രീമതി മാരിയത്ത് കിബ്ത്തിയ. കെ, കൃഷി ഓഫീസർ |
| 3-17 | 9,97,208 | ശ്രീമതി ചന്ദ്രിക. എം.പി, ഹെഡ്മിസ്ട്രസ് |
| 3-18 | 5,00,000 | |
| 3-20 | 5,00,000 | ഡോ. മനോജ്. സി.ജെ,സീനിയർ വെറ്റിനറി സർജൻ |
| 3-14 | 82800 | ശ്രീമതി മാരിയത്ത് കിബ്ത്തിയ. കെ, കൃഷി ഓഫീസർ |
| ആകെ | 53,12,867 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രമോദ്.കെ, സെക്രട്ടറി | സെക്രട്ടറി, പെരിന്തൽമണ്ണ നഗരസഭ | ശ്രേയസ്, പുതുശ്ശേരി, ചെറുതുരുത്തി, തൃശ്ശൂർ ജില്ല. |
| ശ്രീ.എൻ.പ്രസന്നകുമാർ, അസിസ്റ്റൻറ് എഞ്ചിനീയർ | അസിസ്റ്റൻറ് എഞ്ചിനീയർ, പെരിന്തൽമണ്ണ നഗരസഭ | മാരി നിവാസ്, കൊടുമ്പ് പോസ്റ്റ്,പാലക്കാട് ജില്ല, 678551 |
| ശ്രീ.എ.എസ്.സുഭഗൻ, സെക്രട്ടറി | സെക്രട്ടറി, തലശ്ശേരി നഗരസഭ | ശ്രീലയം, വ്യാസപുരം, സൗത്ത് ആര്യാട്, ആലപ്പുഴ |
| ശ്രീ. രാജീവൻ. ടി, കുടുംബശ്രീ പ്രൊജക്ട് ഓഫീസർ | ജെ.എച്ച്.ഐ. ഗ്രേഡ്-2, പെരിന്തൽമണ്ണ നഗരസഭ | തൈക്കണ്ടി ഹൗസ്, കായണ്ണ ബസാർ പോസ്റ്റ്,പേരാമ്പ്ര, കോഴിക്കോട് ജില്ല- 673525 |
| ശ്രീമതി മാരിയത്ത് കിബ്ത്തിയ.കെ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, പെരിന്തൽമണ്ണ നഗരസഭ | കാരാട്ടുപറമ്പിൽ ഹൗസ്,ചേലക്കാട് പോസ്റ്റ്, കട്ടുപ്പാറ, മലപ്പുറം ജില്ല-679325 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1967-68 | എൽ.എഫ്.എം.10/322/88 തീ. 18.10.1987 | 3 |
| 1968-69 | എൽ.എഫ്.എം.10/347/88 തീ. 18.10.1987 | 3 |
| 1969-70 | എൽ.എഫ്.എം.10/323/88 തീ. 18.10.1987 | 12 |
| 1970-71 | എൽ.എഫ്.എം.10/809/88 തീ. | 35 |
| 1971-72 | എൽ.എഫ്.എം.10/1540/81 തീ.19.02.1982 | 46 |
| 1972-73 | എൽ.എഫ്.എം.10/1539/81 തീ. 19.02.1982 | 46 |
| 1973-74 | എൽ.എഫ്.എം.10/1693/80 തീ 26.02.1982 | 2 |

| | | |
|---|---|---|
| 1974-75 | എൽ.എഫ്.എം.10/1435/81 തീ. 18.10.1987 | 12 |
| 1975-76 | എൽ.എഫ്.എം.10/314/81 തീ. | 7 |
| 1976-77 | എൽ.എഫ്.എം.10/704/81 തീ. | 3 |
| 1978-79 | എൽ.എഫ്.എം.10/400/82 തീ. | 12 |
| 1979-80 | എൽ.എഫ്.എം.10/122/82 തീ. | 4 |
| 1980-81 | എൽ.എഫ്.എം.10/276/84 തീ. 21.10.1985 | 30 |
| 1981-82 | എൽ.എഫ്.എം.10/1200/85 തീ. 21.10.1985 | 30 |
| 1982-83 | എൽ.എഫ്.എം.10/179/85 തീ. | 37 |
| 1983-84 | എൽ.എഫ്.എം.10/1435/85 തീ.08.02.1989 | 35 |
| 1984-85 | എൽ.എഫ്.എം.10/671(എ)/90 തീ. 21.07.1990 | 39 |
| 1990-91 | എൽ.എഫ്.എം.21/393/15(6) തീ.23.02.2015 | 50 |
| 1991-92<br>1992-93 | എൽ.എഫ്.എം.21/393/15(7) തീ.23.02.2015 | 22 |
| 1994-95<br>1995-96 | എൽ.എഫ്.എം.21/393/15(9) തീ.23.02.2015 | 41 |
| 1996-97 | എൽ.എഫ്.എം.21/393/15(10) തീ.23.02.2015 | 12 |
| 1997-98 | എൽ.എഫ്.എം.21/393/15(11) തീ.23.02.2015 | 50 |
| 1998-99 | എൽ.എഫ്.എം.21/393/15(12) തീ.24.02.2015 | 14 |
| 1999-00 | എൽ.എഫ്.എം.21/393/15(13) തീ.24.02.2015 | 57 |
| 2000-01 | എൽ.എഫ്.എം.21/393/15(14) തീ.24.02.2015 | 92 |
| 2001-02 | എൽ.എഫ്.എം.21/393/15(15) | 26 |

| | | |
|---|---|---|
| | തീ.24.02.2015 | |
| 2002-03 | എൽ.എഫ്.എം.21/393/15(16) തീ.24.02.2015 | 92 |
| 2003-04 | എൽ.എഫ്.എം.21/393/15(17) തീ.27.02.2015 | 47 |
| 2004-05 | എൽ.എഫ്.എം.21/393/15(18) തീ.27.02.2015 | 46 |
| 2005-06 | എൽ.എഫ്.എം.21/393/15(19) തീ.27.02.2015 | 12 |
| 2006-07 | എൽ.എഫ്.എം.11/2161/09 തീ. 20.01.2010 | 22 |
| 2007-08 | എൽ.എഫ്.എം.16/2162/09 തീ. 20.01.2010 | 42 |
| 2008-09 | എൽ.എഫ്.എം.11/247/12 തീ. 31.01.2012 | 30 |
| 2009-10 | എൽ.എഫ്.എം.11/247/12 തീ. 31.03.2012 | 40 |
| 2010-11<br>2011-12 | എൽ.എഫ്.എം.21/1581/13 തീ: 20.11.2013 | 44 |
| 2012-13 | എൽ.എഫ്.എം.21/895/15 തീ. 13-05-2015 | |
| 2013-14, 2014-15 | കെ.എസ്.എ. എം.പി.എം 21/1425/2016 തീയ്യതി. 14.7.2016 | 30 |
| 2015-16 | കെ.എസ്.എ. എം.പി.എം 21/178/2017 തീയ്യതി. 10-02-17 | 27 |

നഗരസഭയിൽ ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 1967-68 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ അവശേഷിക്കുന്ന അവസ്ഥ അംഗീകരിക്കാവുന്ന നടപടിയല്ല. നിലവിലുള്ള ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കാൻ സത്വര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# Annexure 1

# AUDIT CERTIFICATE

KSA-MPM21/2459/17

Kerala State Audit Department

District Audit Office, Malappuram

PIN- 676 505
Phone: 0483 2734951

Email- dompm.ksad@kerala.gov.in

Dated .30-11-2017

## CERTIFICATE

Certified that I have examined the Annual Financial Statement of Perintalmanna Municipality in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Perintalmanna Municipality for the year 2016-17 except the observations in my audit report properly present the picture of income and expenditure.

SENIOR DEPUTY DIRECTOR

MALAPPURAM.

# അനുബന്ധം - 2

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

കെ.എസ്.എ-എം.പി.എം.21/2459/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം
പിൻ- 676 505
ഫോൺ:0483 2734951
ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി .30-11-2017

സാക്ഷ്യപത്രം.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരിന്തൽമണ്ണ നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം.